382:11 J7 LAKSHMEE KALYANAM

KESAVA PILLAI

032:2M682:11
J7

032:2M682:11 J7
APILLAI(K.C)
nel Kal

221866
032:2M682:11
J7

MUL
221866

K... S.
57/7, Choolaimedu High Rd,
MADRAS-24.

**Madras University Library**

DOCTRINA VIM PROMOVET INSITAM

Call Number O32:2M682:11 J7

Accession Number 221866

Available for loan from

This book should be returned on or before the date last marked below.

# ലക്ഷ്മീകല്യാണം

329

Univ. Grants Commission

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണ

സംഘം ലിമിറ്റഡ്

[Malayalam]

# LAKSHMEEKALYANAM

(DRAMA)

BY

MAHAKAVI K. C. KESAVA PILLAI

Edited by the author's son

K. N. GOPALA PILLAI M. A.

First Impression October 1893
Second ,, September 1957

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 0·75

# ലക്ഷ്മീകല്യാണം

(ഭാഷാനാടകം)

ഗ്രന്ഥകർത്താ

**മഹാകവി കെ. സി. കേശവപിള്ള**

പ്രസാധകൻ

കെ. എൻ. ഗോപാലപിള്ള എം. എ.

UNIVERSITY LIBRARY
-3 DEC 1964
MADRAS

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം — തിരുവനന്തപുരം

വില ക. 0·75

221866
032:2M682:11
J7

S743 B517 41/57-58

# അവതാരിക

അനഭിജ്ഞന്മാരുടെ ഇടയിൽ നടക്കുന്ന ചില ദുരാചാരങ്ങളുടെ ത്യാജ്യതയെ വെളിപ്പെടുത്തുന്നതിന്നായി നൂതനരീതിയിൽ ഒരു നാടകം ഉണ്ടാക്കണമെന്നു കുറെ മുൻപേ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഭാഷാപോഷിണിസഭയിൽനിന്നും നൂതനപുസ്തകപരിശോധനയെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയ പരസ്യം കാണുകയാൽ, എന്റെ ആഗ്രഹം സാധിക്കുന്നതിന് അതുതന്നെ അവസരം എന്നുള്ള വിചാരത്തോടുകൂടി അന്ന് ഉപക്രാന്തമായിരുന്ന നാരായണീയതർജ്ജമ മുതലായ ജോലികളുടെ മദ്ധ്യേ എഴുതിത്തീർത്തതാണ് ഈ നാടകം. അലങ്കാരങ്ങൾ വിശിഷ്ടാർത്ഥകല്പനകൾ മുതലായ വിഷയങ്ങളെക്കുറിച്ച് ഇതിൽ ഞാൻ അത്ര ദൃഷ്ടിവച്ചിട്ടില്ല; പിന്നെയോ, ജനസമുദായത്തിന്റെ പരിഷ്കാരാഭിവൃദ്ധി മാത്രമാണ് മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത്.

ഈ നാടകം ഞാൻ ഭാഷാപോഷിണിസഭയ്ക്ക് അയയ്ക്കുകയും പരിശോധകന്മാർ അനുമോദിച്ചതനുസരിച്ച് ഇതിനു പൂർണ്ണപ്രശംസാപത്രം കൊടുക്കാനുള്ളതാണെന്ന് അദ്ധ്യക്ഷൻ അവർകൾ വിധിക്കയും ചെയ്തിട്ടുണ്ട്.

കവികുലമണിയായ പി. സി. മാനവിക്രമഏട്ടൻതമ്പുരാൻ അവർകൾ ഇതിനെ സംസ്കൃതത്തിൽ തർജ്ജമചെയ്തുവരുന്നു എന്നറികയും മനോഹരങ്ങളായ ഗദ്യപദ്യങ്ങളോടുകൂടിയ ആ തർജ്ജമയുടെ രണ്ടാമങ്കം പാതിവരെ അച്ചടിച്ചഭാഗം കണ്ടു് ആനന്ദിക്കയും ചെയ്യുന്നതിനിടയായതിന്മേൽ എനിക്ക് അത്യന്തം കൃതാർത്ഥതയുണ്ടെന്നുള്ള വിവരവും ഇവിടെ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

പരവൂർ
1–3–1069

ഗ്രന്ഥകർത്താ

# കെ. സി. കേശവപിള്ള

(ജനുവരി 1868 — സെപ്തംബർ 1913)

(കൊല്ലവഷം 1043 — 1089)

ജനനം: കൊല്ലവഷം 1043-ാമാണ്ടു് മകരമാസം 22-ാംനു- രാത്രി മൂന്നുമണിക്കു്, രോഹിണീനക്ഷത്രം. പിതാവു് കൊല്ലം പരവൂർ വലിയവെളിച്ചത്തുവീട്ടിൽ രാമൻപിള്ള. മാതാവു് വാഴവിളവീട്ടിൽ ലക്ഷ്മിഅമ്മ. പ്രസിദ്ധനായ *ചെമ്പക രാമൻശങ്കരൻസൎവ്വാധികാൎയ്യക്കാരുടെ ഭാഗിനേയി.

1063–ാമാണ്ടുമുതൽ സംസ്കൃതാദ്ധ്യാപകൻ.

1072–കൊല്ലം ഹൈസ്കൂൾ അദ്ധ്യാപകൻ.

1077–മകരംമുതൽ കൊട്ടാരം അദ്ധ്യാപകൻ.

ചരമം: 1089 ചിങ്ങം 20-ാംനു- പകൽ പന്ത്രണ്ടുമണിക്കു്.

## കൃതികൾ

(കൊല്ലവഷം)

### A. കഥകളി

| | | |
|---|---|---|
| 1. | ഹിരണ്യാസുരവധം | 1058 |
| 2. | ശൂരപത്മാസുരവധം | 1062 |
| 3. | ശ്രീകൃഷ്ണവിജയം | 1063 |

---

* പരവൂർ വാഴവിള വീട്ടിൽ കണക്കു ചെമ്പകരാമൻ ശങ്കരൻ സൎവ്വാധികാൎയ്യക്കാർ, വേലുത്തമ്പിയുടെ വലംകൈയായിനിന്നു് പ്രവൎത്തിച്ച ഒരു ധീരനായിരുന്നു. പള്ളാത്തുരുത്തി സംഭവത്തിന്റെ ഫലമായി അദ്ദേഹത്തിനു് പതിനായിരം പണം പിഴയിട്ടു. ഇങ്ങനെ സൎക്കാരിലേക്കടങ്ങിയ ശങ്കരനാമാങ്കിതമായ വെങ്കലവാർപ്പുകൾ കൊല്ലം ആശ്രാമത്തു് ക്ഷേത്രത്തിൽ കിടപ്പുണ്ടത്രേ. ചെമ്പകരാമൻ നിൎമ്മിച്ച കമ്പവിളക്കു് ഇന്നും പരവൂർ പുററിങ്ങൽ ദേവീക്ഷേത്രത്തിൽ കാണാം. സൎവ്വാധികാൎയ്യക്കാരുടെ സഹോദരി നങ്ങമ്മകോപ്പയുടെ പൗത്രിയുടെ പൗത്രനാണു് മഹാ. കവി കേ. സി. കേശവപിള്ള. കണക്കു ചെമ്പകരാമൻ എന്ന സ്ഥാനപ്പേരാണു് കേ. സി. യായി പരിണമിച്ചതു്.

## B. സംഗീതകൃതികൾ


1. സ്തവരത്നാവലി 1063
2. സംഗീതമഞ്ജരി 1065
3. ഈശ്വരസ്തോത്രം 1069
4. ഗാനമാലിക 1073
5. ഗാനമാലിക, രണ്ടാംഭാഗം 1086
6. അഭിനയഗാനമാലിക 1086
7. സംഗീതമാലിക 1087


## C. പദ്യകൃതികൾ


1. പാർവ്വതീസ്വയംവരം, അമ്മാനപ്പാട്ട് 1057
2. രുഗ്മിണീസ്വയംവരം, കമ്പടികളിപ്പാട്ട് 1057
3. വൃകാസുരവധം, വഞ്ചിപ്പാട്ട് 1057
4. സുരതവിധി, പാന 1059
5. നാരായണനാമമാഹാത്മ്യം, കിളിപ്പാട്ട് 1060
6. രാസക്രീഡ, ഊഞ്ഞാൽപാട്ട് 1062
7. കവിസമാജയാത്രാശതകം 1067
8. കൊല്ലം പ്രദർശനവർണ്ണനം 1067
9. ശ്രീകാശിയാത്ര 1072
10. ശാന്തിവിലാസം 1073
11. ഭാഷാനാരായണീയം 1067
12. സുഭാഷിതരത്നാകരം 1075
13. ആങ്ഗലസാമ്രാജ്യം 1079


## D. മഹാകാവ്യം


കേശവീയം 1089


## E. ഖണ്ഡകാവ്യങ്ങൾ


1. ആസന്നമരണചിന്താശതകം 1070
2. ഷഷ്ടിപൂർത്തിഷഷ്ടി 1080
3. മാനസോല്ലാസം 1082
4. സാഹിത്യവിലാസം 1087

## F. വ്യാഖ്യാനങ്ങൾ

1. ലക്ഷ്മണോപദേശവ്യാഖ്യാനം 1061
2. അക്ബർഎന്ന ആഖ്യായികയുടെ
വ്യാഖ്യാനം 1073
3. ശ്രീകൃഷ്ണചരിതം ഒന്നും രണ്ടും
സർഗ്ഗങ്ങളുടെ വ്യാഖ്യാനം 1075
4. പഞ്ചതന്ത്രം രണ്ടാംതന്ത്രത്തിൻെറ
വ്യാഖ്യാനം 1075

## G. തുള്ളൽപാട്ടുകൾ

1. മംഗല്യധാരണം തുള്ളൽപാട്ട് 1078
2. പള്ളിക്കെട്ടുവർണ്ണനം തുള്ളൽപാട്ട് 1081

## H. നാടകങ്ങൾ

1. രാഘവമാധവം 1067
2. ലക്ഷ്മീകല്യാണം 1068
3. സദാരാമ 1079
4. വിക്രമോർവ്വശീയം (പരിഭാഷ) 1083

## I. കഥ

1. സന്മാർഗ്ഗകഥകൾ 1088
2. മാലതി 1088

## J. നിരൂപണങ്ങൾ

ദ്വിതീയാക്ഷരപ്രാസവാദലേഖനങ്ങൾ, ഭാഷാപരിഷ്കാരം, ശകുനവിശ്വാസം, ഗുരുഭക്തി, വേദാന്തോദ്ദേശ്യം, കേരളപാണിനീയമണ്ഡനം, ചില പ്രയോഗഭേദങ്ങൾ, ഭാഷാകവിത മുതലായ പ്രബന്ധങ്ങൾ.

## അഭിപ്രായങ്ങൾ

"......ഇതിൽ ഗ്രന്ഥകത്താവിൻെറ കവിതാചാതുൎയ്യം സ്പഷ്ടമായി പ്രകാശിക്കുന്നുണ്ടു്. കഥാസന്ദർഭവും നന്നായിരിക്കുന്നു. ഈ കാലത്തുണ്ടായിട്ടുള്ള നൂതനനാടകങ്ങളിൽ പ്രായേണ ഒന്നിലും ഇല്ലാത്തതായ ഒരു വിശേഷവിധി ഇതിൽ കാണുന്നതിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണു്. ഇതു പാമരജനങ്ങളുടെ ഇടയിൽ സാധാരണമായുള്ള ഏതാനും ചില അന്ധവിശ്വാസങ്ങളെ നിരാകരിക്കാൻ കവി ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ളതാകുന്നു. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾ ജനസമുദായത്തിനു പരിഷ്കാരാഭിവൃദ്ധിക്കു പ്രയോജകങ്ങളായിത്തീരുമെന്നുള്ളതിനു സംശയമില്ല..."

കേരളവൎമ്മ

"......ഇതിലെ കഥാരീതി സരസമായ ഒരു നോവലിനെ അനുസരിച്ചിരിക്കുന്നതും, പ്രാചീനപുരുഷന്മാരുടെയും നവീനപരിഷ്കാരികളുടെയും പരസ്പരം ചേർച്ചയില്ലാത്ത സ്വഭാവത്തെ കാണിച്ചുംകൊണ്ടു സഹൃദയന്മാരെ രസിപ്പിക്കുന്നതും, ആദ്യംമുതൽ അവസാനംവരെ കഥയ്ക്കു് വേണ്ടപോലെ ചേർച്ചയുള്ളതും, കഠിനങ്ങളായും ദുർഘടങ്ങളായും അനുപപത്തിയുക്തങ്ങളായും ഇരിക്കുന്ന പ്രയോഗങ്ങൾ ഇല്ലാതെ ഇരിക്കുന്നതുമാണെന്നു നാം അഭിപ്രായപ്പെടുന്നു..."

പി. സി. മാനവിക്രമ ഏട്ടൻതമ്പുരാൻ

"...ഇതിൽ അപശബ്ദവൃത്തഭംഗാദിദോഷങ്ങൾ തീരെ കാണുന്നില്ല...ആകപ്പാടെ നോക്കുമ്പോൾ ഈ കവി സദ്രൂപദേശങ്ങൾ എന്ന ഭാഗത്തെയാണു മറെറല്ലാ ഭാഗങ്ങളെക്കാൾ പ്രധാനമായി എടുത്തിരിക്കുന്നതെന്നു തോന്നുന്നു. പൂൎവ്വാചാരത്തെ മാത്രം പ്രമാണിച്ചു് ഇപ്പോൾ പലരും ആദരിച്ചുപോരുന്ന മൂഢതവങ്ങളെ മാററി നവീനപരിഷ്കാരങ്ങളെ അംഗീകരിച്ചു് എല്ലാവരും നടക്കണമെന്നാണു നാടകോദ്ദേശ്യമെന്നും തോന്നുന്നു...എല്ലാപ്രവൃത്തികളിലും ഗുണദോഷങ്ങളെ നല്ലവണ്ണം ആലോചിച്ചുവേണം പ്രവൎത്തിക്കേണ്ടതെന്നുള്ളതു് ഈ കവി നല്ലവണ്ണം ആലോചിച്ചാണു പ്രയോഗിച്ചിട്ടുള്ളതു്."

വയക്കരെ മൂസ്സതു്

രണ്ടാംപതിപ്പിൻെറ

# മുഖവുര

കെ. സി. കൃതികൾ കൈയെഴുത്തുപ്രതികളോട്ട് ഒത്തുനോക്കി കഴിയുന്നത്ര ശുദ്ധമാക്കി അച്ചടിക്കണമെന്നു് എനിക്കുണ്ടായ ആഗ്രഹം ഇപ്പോഴാണു് സഫലമായി വരുന്നതു്. മലയാളഭാഷയിൽ സാമുദായികവൈകല്യങ്ങൾ ചിത്രീകരിക്കുന്ന ആദ്യത്തെ ഭാഷാനാടകമെന്ന നിലയിൽ 'ലക്ഷ്മീകല്യാണ'ത്തിനു് സാഹിത്യചരിത്രത്തിൽ പ്രാധാന്യം ഉണ്ട്ട്. അന്നത്തെ അന്ധവിശ്വാസങ്ങളെന്നു മാത്രമല്ല സാർവ്വകാലികങ്ങളായ ചില സദാചാരതത്ത്വങ്ങളും കവി ഇതിൽ പ്രതിപാദിക്കുന്നുണ്ട്ട്. മലയാളഭാഷയിൽനിന്നും ആദ്യമായി സംസ്കൃതഭാഷയിലേയ്ക്കു് വിവർത്തനംചെയ്യപ്പെട്ട കൃതി എന്നൊരു മേന്മയും ഈ നാടകത്തിനുണ്ട്ട്. ശ്രീ. പി. സി. മാനവിക്രമ ഏട്ടൻതമ്പുരാനാണു് ഈ തർജ്ജമ നിർവ്വഹിച്ചതു്.

കവി തൻെറ ഇരുപത്താറാമത്തെ വയസ്സിലാണു് ഈ നാടകം നിർമ്മിച്ചതു്. സംസ്കൃതനാടകങ്ങളുടെ ഛായ പിടിച്ച് നാന്ദി, പ്രസ്താവന, പൂർവാംഗം തുടങ്ങിയുള്ള അംശങ്ങളും 'കുർയ്യാന്നിർവഹണേ ƒത്ഭുതം' എന്ന നിർദ്ദേശവും ഭരതവാക്യവുമെല്ലാം കവി അനുസരിച്ചിട്ടുണ്ടെങ്കിലും, കഥാവസ്തുവും പ്രതിപാദനരീതിയും നവീനമാക്കീട്ടുണ്ടെന്നുള്ളതാണു് വിശേഷം. അറുപത്തിമൂന്നു വർഷത്തിനുമുമ്പു് നിർമ്മിക്കപ്പെട്ട ഒരു കൃതിയാണിതെന്നു് വായനക്കാർ സ്മരിക്കുമല്ലോ.

കെ. എൻ. ഗോപാലപിള്ള

സെപ്തംബർ 1957

UNIVERSITY LIBRARY
-3 DEC 1964
MADRAS

# ഒന്നാമങ്കം

## നാന്ദി

ചൊല്ലാൻ മാതുലനിൽനിന്നുളവായ ദോഷ-
മെല്ലാം കളഞ്ഞു വഴിപോൽ നിജവൈഭവത്താൽ
ഉല്ലാസമോട്ട വിലസുന്നൊരു കൃഷ്ണനാകും
കല്യാണമൂർത്തി കരളിൽ കളിയാടിടട്ടേ. 1

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:- (സന്തോഷത്തോട്ടുകൂടി അണിയറയിലേക്കു നോക്കീട്ട്) ആര്യേ, വേഗം വരൂ. ഇവിടെ രസജ്ഞന്മാരായ അനവധി വിദ്വാന്മാർ കൂടീട്ടുണ്ട്. അതിനാൽ ഇനി ഒട്ടും താമസിച്ചുകൂടാ.

നടി:- (പ്രവേശിച്ച് രംഗം മുഴവൻ നോക്കീട്ട് പ്രസന്നതയോട്ടുകൂടി) ആര്യ, നമ്മുടെ ഭാഗ്യം ആശ്ചര്യം തന്നെ. എന്തുകൊണ്ടെന്നാൽ ഈ സദസ്സിൽ കൂടിയിരിക്കുന്നവരെല്ലാം വിദ്വാന്മാരാണെന്നു മാത്രമല്ല, കാലോചിത

ങ്ങളായ പരിഷ്കാരങ്ങളെ പ്രവൎത്തിപ്പിക്കുന്നതിൽ ഏകതാനതയോടുകൂടിയ മഹാന്മാരുമാണു്. അതിനാൽ ഇവരെ സന്തോഷിപ്പിക്കുന്നതിനു് നാം ഏതു നാടകമാണു് അഭിനയിക്കേണ്ടതു്?

സൂത്രധാരൻ:— പരവൂർ കേശവപിള്ള ഈയിടെ ലക്ഷ്മീകല്യാണം എന്നൊരു നാടകം ഉണ്ടാക്കീട്ടുണ്ടു്. ആ നാടകം വേണമെന്നാണു് സഭ്യന്മാർ ആജ്ഞാപിച്ചിരിക്കുന്നതു്.

നടി:— കൊള്ളാം. സഭ്യന്മാരുടെ ഈ നിയോഗവും സന്തോഷകരംതന്നെ. എന്നാൽ ഞാനിപ്പോൾ ഏതു് ഋതുവിനെക്കുറിച്ചാണു പാടേണ്ടതു്?

സൂത്രധാരൻ:— ആൎയ്യേ, മനോഹരമായിരിക്കുന്ന ഈ ശരദൃതുവിനെക്കുറിച്ചുതന്നെ പാടിയാലും. ഇതാ ഇപ്പോൾ:

പാരം പ്രകാശമൊടു സൂൎയ്യനുദിച്ചു രശ്മി
വാരങ്ങൾകൊണ്ടിഹ തമസ്സു കളഞ്ഞിടുന്നു
നേരേ സരോരുഹഗണങ്ങളുണൎന്നു കാന്തി—
പൂരം കലൎന്നധികമായി വിളങ്ങിടുന്നു. 2

നടി:— ശരിതന്നെ:

ചാരുശ്രീ കലരുന്നൊരന്നനിര തൻ
ശബ്ദങ്ങളെല്ലാടവും
സാരസ്യാതിശയാൽ മനോഹരമതായ്
പാരം മുഴങ്ങുന്നിതാ
ആരും കേൾക്കിലനാദരിച്ചിടുമതി—
ക്രൂരത്വമുള്ളാരവം
ചേരുന്നു ശിഖിസഞ്ചയത്തിനു കൊഴി—
ഞ്ഞീടുന്നു രോമങ്ങളും. 3

(അണിയറയിൽ)

"ആവൂ! മനസ്സിനു് ഒരിക്കലും വിശ്രമിക്കുന്നതിനു് അവസരം കിട്ടുന്നില്ലല്ലൊ."

നടി:— ആര്യ്യ, ഈ കേൾക്കുന്നതു് ആരുടെ വാക്കാണു്?

സൂത്രധാരൻ:— മറ്റാരുടെയുമല്ല; കൃഷ്ണപിള്ളയുടെ വേഷം ധരിച്ചു് രംഗത്തിൽ പ്രവേശിക്കുന്ന നടൻെറ തന്നെയാണു്. നമുക്കും അനന്തരകരണീയത്തിനായി പോക തന്നെ. (രണ്ടുപേരും പോയി.)

[പ്രസ്താവന കഴിഞ്ഞു]

(അനന്തരം കൃഷ്ണപിള്ള പ്രവേശിക്കുന്നു)

കൃഷ്ണപിള്ള:— (ആത്മഗതം) ആവൂ! മനസ്സിനു് ഒരിക്കലും വിശ്രമിക്കുന്നതിനു് അവസരം കിട്ടുന്നില്ലല്ലൊ. എന്താണു നിവൃത്തി? നിയമേന പാഠശാലയിൽ പോകണം. പഠിപ്പിക്കുന്ന പ്രമേയങ്ങളിൽ മുൻകൂട്ടി പ്രത്യേകം ദൃഷ്ടി വയ്ക്കണം. അറിവിൻെറ വദ്ധനയ്ക്കുവേണ്ടി ഉപരി ഗ്രന്ഥങ്ങൾ വായിക്കയും, വായിച്ചിട്ടുള്ളവയെ പരിശീലിക്കയും ചെയ്യണം. പലരുടേയും എഴുത്തുകൾക്കു് യഥോചിതം മറുവടി അയയ്ക്കണം. ഇത്രമാത്രവുമല്ല,

പുത്തൻ പുത്തനതായ നല്ലറിവുദീ—
പ്പിക്കുന്ന പത്രങ്ങളെ
ചിത്താനന്ദമൊടൊക്കെ നോക്കി വഴിപോൽ
സാരം ഗ്രഹിച്ചീടണം.
മെത്തും ബുദ്ധിവിശാലഭാവമരുളും
നവ്യപ്രബന്ധങ്ങളും
കൃത്യാകൃത്യവിബോധപൂവ്വമഖിലം
വായിക്കണം സൂക്ഷ്മമായ്. 4

ഇത്യാദികളായ കൃത്യങ്ങൾക്കപ്പുറമേ വലിയകാരണവ

രുടെ നിയോഗങ്ങളെ അനുഷ്ഠിക്കയും, അവയിൽ ദോഷാവഹങ്ങളായിട്ടുള്ളവ അദ്ദേഹത്തെ പറഞ്ഞു ധരിപ്പിച്ച് നിഷേധിക്കയും ചെയ്യുന്ന കാൎയ്യമാണ് വളരെ പ്രയാസമായിത്തീൎന്നിരിക്കുന്നതു്. ഇതിനിടയിൽ ഒരു വിവാഹം നടത്തണമെന്നു ബന്ധുക്കൾ നിർബന്ധിച്ചുതുടങ്ങീട്ട് രണ്ടു മൂന്നു സംവത്സരംവരെ ആയിരിക്കുന്നു. എന്നാൽ ഞാൻ ഇതുവരെ അനുസരിക്കായ്കയാൽ അവരിൽ ചിലൎക്ക് എന്നോടു വിരോധവും ഉണ്ടായിരിക്കാം. എനിക്കിപ്പോൾ വയസ്സ് ഇരുപത്തിനാലായി. ഇനി ഒരു ഭാൎയ്യാസ്വീകാരം ഒട്ടും അധൎമ്മമായി വരുന്നതല്ല. എന്നാൽ വലിയകാരണവരുടെ അഭിപ്രായം:

തന്നുടെ മകളാം ഗൗരിയെ—
യുന്നതമോദേന ഞാൻ വരിക്കേണം
എന്താണതു, ബഹുദുർഘട—
മെന്നായ്വന്നു നിനച്ചുകാണുമ്പോൾ. 5

ഗൗരിക്കുട്ടിക്ക് വിദ്യാഭ്യാസം ലേശംപോലുമില്ല. അക്കാൎയ്യത്തെക്കുറിച്ചു വല്ലതും പറഞ്ഞാൽ കാരണവർ മുഷിയുകയും ചെയ്യും. വിവാഹംചെയ്യുന്നപക്ഷം ഒരു പരിഷ്കൃതയായ പെൺകുട്ടിയെ സ്വീകരിപ്പാൻ ഇടവരാഞ്ഞാൽ ആയതു് വളരെ ദുസ്സഹംതന്നെയാണ്. അപ്രകാരമുള്ള ഒരു ബാലിക എന്റെ മനസ്സിന്നു വിശ്രമസ്ഥാനമായിത്തീൎന്നിട്ടുണ്ടു്. എന്നാൽ ആ വിവരം ഏതെങ്കിലും ഇവിടെ പറയുന്നപക്ഷം വളരെ വൈഷമ്യമായിത്തീരും. ഇരിക്കട്ടെ, അല്ല, രാമൻമേനോനും മാധവൻകുട്ടിയുമാണല്ലോ വരുന്നതു്! (എഴുനേല്ക്കുന്നു.)

(അനന്തരം രാമൻമേനോനും മാധവൻകുട്ടിയും പ്രവേശിക്കുന്നു. എല്ലാവരും ആചാരങ്ങൾചെയ്ത് ഇരിക്കുന്നു.)

കൃഷ്ണപിള്ള:—നിങ്ങൾ ഇപ്പോൾ എവിടെനിന്നു വരുന്നു?

രാമൻമേനോൻ:—ഞാൻ പിച്ചകശ്ശേരിയിൽനിന്നുതന്നെ വരികയാണു്.

കൃഷ്ണപിള്ള:—അവിടെ എല്ലാവക്കും സുഖംതന്നെയല്ലേ? വിശേഷം വല്ലതുമുണ്ടോ?

രാമൻമേനോൻ:-വിശേഷം ഒന്നുമില്ല. നിങ്ങൾ മുൻപിൽ അവിടെ വന്നപ്പോൾ തമ്മിൽ കണ്ടതിൽപ്പിന്നെ ഇതേവരെ കാണ്മാൻ കഴിഞ്ഞില്ലല്ലോ. എന്നുതന്നെയല്ല,

നന്നായിട്ടൊരു പാഠശാല പുനര—
ദ്രിക്കിങ്കലില്ലായ്കയാ—
ലിന്നീ മാധവനും വൃഥൈവ സമയം
പോക്കുന്നതോക്കും വിധൗ
നന്നല്ലായതിനാലവൻ തവ സമീ—
പത്തിങ്കൽ വാഴട്ടെയെ—
ന്നുന്നിത്തന്നെ തിരിച്ചു ഞാനുമവനെ
ക്കൊണ്ടിങ്ങു കുണ്ടേതരം. 6

കൃഷ്ണപിള്ള:-വളരെ നന്നായി. അവൻ ഇവിടെ താമസിക്കട്ടെ. നാളെത്തന്നെ പാഠശാലയിൽ ചേർത്തുകൊള്ളാം.

രാമൻമേനോൻ:-പിന്നെ വത്തമാനമെന്തെല്ലാം? വലിയകാരണവക്കും മററും സുഖം തന്നെയല്ലേ?

കൃഷ്ണപിള്ള:—സുഖംതന്നെ; എന്നാൽ എന്നോട്ട് മിക്കവാറും കലഹംതന്നെയാണു്.

രാമൻമേനോൻ:—അതിനെന്താണു് കാരണം?

കൃഷ്ണപിള്ള:— കാരണം വിശേഷിച്ചൊന്നുമില്ല,

അന്ധവിശ്വാസംനിമിത്തം നിഷ്ഫലങ്ങളായ കാൎയ്യങ്ങൾക്കു് ധാരാളം പണം ചെലവുചെയ്യുന്നതിൽ അദ്ദേഹത്തിന്നു് വളരെ താൽപൎയ്യമാണു്:

കല്യാണം വന്നിട്ടമ്പോളത്രു ബഹുവിഭവ-
ത്തോട്ട തോഷിച്ചുഘോഷി-
ച്ചില്ലെന്നാൽ നമ്മെയെല്ലാവരുമിഹ സതതം
നിൎണ്ണയം നിന്ദചെയ്യും
ഉല്ലാസത്തോടിവണ്ണം കരുതിയധികമായ്
ദ്രവ്യനാശംവരുത്താ-
നില്ലേതും ശങ്ക കഷ്ടം! കടവുമതിന്നു വാ-
ങ്ങീടുവാൻ പേടിയില്ല. 7

എന്നാൽ ഇങ്ങനെയുള്ള ദുർവ്യയങ്ങളിൽ അധികം താൽപൎയ്യമുണ്ടെങ്കിലും സദ്വിഷയങ്ങളിൽ വളരെ വൈമനസ്യവുമുണ്ടു്. കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കുന്നതിൽ തീരെ താൽപൎയ്യവുമില്ല. വിശേഷിച്ചും,

ബാലസ്ത്രീകളെ വിദ്യാ-
ശാലയിലേയ്ക്കായയയ്ക്കുവാൻചൊന്നാൽ
ശീലക്കേടുകൾ ചൊല്ലി-
ക്കാലക്ഷേപം കഴിക്കുമത്രു നൂനം. 8

രാമൻമേനോൻ:- സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഗുണങ്ങൾ അദ്ദേഹത്തോട്ട പറഞ്ഞുനോക്കിയോ?

കൃഷ്ണപിള്ള:—ഓഹോ! ധാരാളം. അതൊന്നും അദ്ദേഹം സമ്മതിക്കയില്ല. എല്ലാ കാൎയ്യങ്ങളിലും പൂൎവ്വാചാരം അനുസരിച്ചു് ഒരു നിശ്ചയം അദ്ദേഹത്തിനുണ്ടു്. അതിനു വിപരീതമായി പറയുന്നതെല്ലാം അബദ്ധംതന്നെയെന്നാണു് അദ്ദേഹത്തിൻെറ പൂൎണ്ണവിശ്വാസം.

രാമൻമേനോൻ:—എങ്കിലും ഈ വിഷയത്തിൽ നിങ്ങൾ മൗനം അവലംബിക്കരുതു്. എന്തെന്നാൽ,

ഓരോരോ സാരവാക്യങ്ങൾ
നേരേ സന്തതമോതുകിൽ
ഏറീട്ടും ദുർവിചാരങ്ങൾ
മാറുകില്ലെന്നു വന്നിടാ. 9

കൃഷ്ണപിള്ള:—ആകട്ടെ. ഇനിയും പരീക്ഷിച്ചു നോക്കാം.

രാമൻമേനോൻ:—അങ്ങനെയാണെങ്കിൽ, കാരണവരുടെ മകളെ ഇതേവരെ വിദ്യാഭ്യാസംചെയ്യിച്ചിട്ടില്ലായിരിക്കണം, അല്ലേ?

കൃഷ്ണപിള്ള:—ഇല്ലാ; "സ്ത്രീകൾ എഴുത്തുപഠിച്ചു് ഉദ്യോഗംഭരിച്ചിട്ടു് ഒന്നുംകൊണ്ടുവന്നു് കാലക്ഷേപം കഴിക്കണമെന്നില്ല; അവർ അരിവയ്ക്കാൻമാത്രം പഠിച്ചാൽ മതി. ഈശ്വരകൃപകൊണ്ടു് നമ്മുടെ തറവാട്ടിൽ ഇപ്പോൾ അത്ര ബുദ്ധിമുട്ടൊന്നും വന്നിട്ടുമില്ല." എന്നൊക്കെയാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

രാമൻമേനോൻ:—നിങ്ങളുടെ വിവാഹകാര്യത്തെക്കുറിച്ചു് അദ്ദേഹം വല്ലതും പറയാറുണ്ടോ?

കൃഷ്ണപിള്ള:—എന്നോടു നേരിട്ടൊന്നും പറഞ്ഞിട്ടില്ല. എങ്കിലും മകളെത്തന്നെ ഞാൻ വിവാഹം കഴിക്കണമെന്നാണു് അദ്ദേഹത്തിൻെറ നിശ്ചയം.

രാമൻമേനോൻ:—അക്കാര്യത്തിൽ നിങ്ങൾ എന്താണു് നിശ്ചയിച്ചിരിക്കുന്നതു്?

കൃഷ്ണപിള്ള:—ഞാൻ വിശേഷിച്ചൊന്നും നിശ്ചയിച്ചിട്ടില്ല. എന്നുതന്നെയുമല്ല,

ഗുരുജനമുരചെയ്യും കാൎയ്യമങ്ങാചരിപ്പാ-
നരുതരകുതുകം മേ മാനസത്തിങ്കലുണ്ടു്.

രാമൻമേനോൻ:—അല്ലാതെ പാടില്ലല്ലോ.

കൃഷ്ണപിള്ള:-എന്നാലും,

ദുരിതനിരയണഞ്ഞീടുന്ന മാൎഗ്ഗേണ പോയീ-
ടരുതരുതുപാരംദുസ്സഹംതന്നെയോൎത്താൽ. 10

രാമൻമേനോൻ:—ഈ രണ്ടു നിൎബ്ബന്ധങ്ങളുംകൂടി സാധിക്കുന്നതു് പ്രയാസമാണല്ലോ.

കൃഷ്ണപിള്ള:—പ്രയാസമൊന്നുമില്ല. നിങ്ങൾതന്നെ ആലോചിച്ചുനോക്കുക:

പ്രാണാന്തത്തോളമെത്തും സുഖവുമസുഖവും
　　പങ്കുകൊണ്ടങ്കുരിക്കും
പ്രാണപ്രേമം കലൎന്നങ്ങനെ വരസഖിയായ്
　　ബുദ്ധിയെത്താത്തദിക്കിൽ
വേണംപോൽ വല്ലഭന്നായ് വിനയമൊടുപദേ-
　　ശങ്ങൾ ചൊല്ലി പ്രഭാവാൽ
വാണീടാനുള്ള ഭാൎയ്യക്കുറിവകമതിലി-
　　ല്ലെങ്കിലെന്തൊന്നുസൗഖ്യം. 11

രാമൻമേനോൻ:—വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്ത സ്ത്രീകളിൽ ഉണ്ടാകുന്ന സന്താനങ്ങളും നന്നായിവരുന്നതു വളരെ ദുൎല്ലഭമാണു്. എന്തെന്നാൽ,

ഉണ്ടാകുന്ന സുതക്കു ബാല്യമതിലേ-
　　യോരോ പദാൎത്ഥം മുദാ
ചൂണ്ടിക്കാട്ടിയതിൻെറ തത്ത്വമഖിലം
　　നന്നായറിഞ്ഞീടുവാൻ

വേണ്ടുംവണ്ണമുരപ്പതിന്നുപകരം
മൂഢാംഗനാ സന്തതം
വേണ്ടാതുള്ളൊരു ദുർവചസ്സുകളവും
ദുർബോധവും ചേർത്തിട്ടും. 12

കൃഷ്ണപിള്ള:—അതിനാൽ ഇക്കാൎയ്യത്തിൽ ഞാൻ നിങ്ങളെപ്പോലെയുള്ള സത്തുക്കളുടെ ഉപദേശത്തെയാണു് അവലംബിക്കുന്നതു്.

രാമൻമേനോൻ:—ആകട്ടെ, നമുക്കു ക്രമേണ ആലോചിച്ചു തീർച്ചപ്പെടുത്താം.

കൃഷ്ണപിള്ള:—എപ്പോഴാണു് തിരിയെ യാത്ര?

രാമൻമേനോൻ:—എനിക്കു നാളെ രാവിലെ തന്നെ പോകണം. അവിടെ ചെന്നിട്ടു ചില ജോലികളൊക്കെ നിർവഹിക്കാനുണ്ടു്.

(അനന്തരം ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ:—വ്യായാമത്തിനു പുറത്തേക്കുപോകാനുള്ള സമയമായി.

കൃഷ്ണപിള്ള:—ഓഹോ, ശരിതന്നെ, ഇപ്പോളിതാ,

മഞ്ജുശ്രീ കലരുന്ന രശ്മിനിരയാൽ
ഭുവിങ്കലെല്ലാടവും
മഞ്ഞപ്പട്ടു നിരത്തിയെന്നതു കണ—
ക്കുള്ളോരു നൽക്കാന്തിയെ
രഞ്ജിപ്പിച്ചു വിളങ്ങിടുന്നു മിഹിരൻ
നാമീവിശാലസ്ഥലേ
സഞ്ജാതപ്രമദേന കാൽനടയതായ്
സഞ്ചാരമാൎന്നീടണം. 13

രാമൻമേനോൻ:—അങ്ങനെ തന്നെ. വ്യായാമം ദേഹത്തിനു വളരെ ഗുണകരമായിട്ടുള്ളതാണല്ലൊ.

കൃഷ്ണപിള്ള:—സംശയമുണ്ടോ?

ദുർമ്മേദസ്സുതുടങ്ങി മേനിയിലെഴും
        ദോഷങ്ങളെല്ലാം കള—
ഞ്ഞുന്മേഷം ബലവും ദൃഢതാവുമലം
        വ്യാപാരസാമർത്ഥ്യവും
ചെമ്മേ കാന്തിയുമേകിടും മഹിതമാം
        വ്യായാമമീജീവിത—
ത്തിന്മേലാഗ്രഹമുള്ളവന്നനുദിനം
        കർത്തവ്യമത്രേ ദൃഢം. 14

(എല്ലാവരും പോയി.)

[ഒന്നാമങ്കം കഴിഞ്ഞു.]

# രണ്ടാമങ്കം

(വൃദ്ധനായ കണ്ടൻനായർ വടിയുമൂന്നി പ്രവേശിക്കുന്നു.)

കണ്ടൻനായർ:—(ആത്മഗതം) ഹഃ! കാലത്തിന്റെ പകർച്ച! എനിക്കു വയസ്സ് എഴുപത്തിരണ്ടായി. പണ്ടുണ്ടായിരുന്ന വലിയ വലിയ ആളുകൾക്കാർക്കും ഈ വക ഗോഷ്ഠിയൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോഴുള്ള ചെറുപ്പക്കാർക്ക്,

ഒററയ്ക്കു കാരണവരോടുമിരുന്നിടേണം
തെറെറന്നു ചൊല്ലുവതിനുത്തരമോതിടേണം
ചെററില്ല ശങ്കയതു മൂത്തവർ തന്റെ മുൻപിൽ
പററുന്നതിന്നു ബത! പാദുകയും ധരിച്ചു്. 1

എന്നാൽ അതു മാത്രമാണോ? ചില പാവപ്പെട്ടവർ ചരടുകെട്ട്, തിരണ്ടുകുളി, പുളികുടി മുതലായ അടിയന്തിരങ്ങൾ കടംമേടിച്ചെങ്കിലും മാനത്തിനുവേണ്ടി ഒരുവിധത്തിൽ പണ്ടുള്ളവർ നടത്തിയതുപോലെ നടത്താൻ തുടങ്ങുമ്പോൾ ഈ കൂട്ടർചെന്നു് വിലക്കുകയായി. പിന്നെ, ബുദ്ധിമുട്ടുമ്പോൾ നാലുകാശു വാങ്ങിപ്പാൻ കൊള്ളാവുന്ന വല്ല വലിയ താലിയോ കഴുത്തേലോ മുട്ടവോ മററോ തീർപ്പാൻ തുനിയുന്നവരോട്ട് അത്യാവശ്യമില്ലെന്നു പറക. ഇതും പോരാ,

വഞ്ചിപ്പതിന്നു പല കള്ളവുമച്ചടിച്ചി—
ട്ടഞ്ചാതെയിങ്ങു ചിലരങ്ങനെ വിട്ടിടുന്ന
പഞ്ചാംഗതുല്യമൊരു താളിനുവേണ്ടി രൂപാ—
യഞ്ചാറു നൽകുവതിനും മടിയില്ലിവർക്കു്. 2

ഇപ്പോൾ ഉള്ള പെണ്ണുങ്ങളുടെ കാൎയ്യമൊന്നും പറയാനില്ല. ഈ പിച്ചകശ്ശേരിയിൽത്തന്നെ മുൻപിൽ വളരെ സ്ത്രീകൾ ഉണ്ടായിരുന്നു. ഞാൻ കുഞ്ഞിലെ ഇവിടത്തെ കാൎയ്യസ്ഥനായിത്തീൎന്നതിനാൽ അവരെയൊക്കെ എനിക്കു നല്ലവണ്ണം അറിയാം. അവൎക്കാൎക്കും ഇപ്പോഴത്തെ ഈ പെണ്ണുങ്ങളുടെ മാതിരിയൊന്നും ഇല്ലായിരുന്നു. ഇവൎക്കു്,

കുപ്പായം നിത്യമുണ്ടക്കസകരിയതിലേ
മിക്കവാറും വസിക്കു
ചൊല്ലൊണ്ടും സാരമേറും പഴയകഥകൾ ചൊ-
ല്ലീട്ടവാൻ വാഞ്ഛയില്ലാ;
വയ്യിന്നും പോകയില്ലാ പുതിയ കവിത വാ-
യിക്കുവാനായ് മിനക്കെ-
ട്ടെപ്പോഴും വാണുകൊള്ളും ചിലകുറി വെറുതേ
പാടി നേരങ്ങൾ പോക്കും. 3

അത്രയൊന്നും വിസ്തരിപ്പാനും അതിശയിപ്പാനും ഇല്ല. ഇക്കാണുന്നതെല്ലാം കലി മൂത്തതിൻെറ ഫലമാണു്. എന്നാൽ ഇക്കൂട്ടരോടു നാം വല്ലതും പറയുന്നതായാൽ അവരുടെ വാക്കുകൾക്കു നേരെ ഉത്തരം പറയാനും വയ്യ. വല്ലപാടും വരട്ടെ. ആ വേലക്കാൎക്കു കൂലികൊടുക്കണമല്ലൊ. അങ്ങോട്ടുതന്നെ പോകാം. (പോയി)

[പൂൎവ്വാംഗം കഴിഞ്ഞു.]

(അനന്തരം കൊച്ചുലക്ഷ്മിയും സഖി കുഞ്ഞിയും പ്രവേശിക്കുന്നു.)

കുഞ്ഞി:—അല്ലേ കൊച്ചുലക്ഷ്മി! എന്താണു നിനക്കു് അങ്ങനെ വാക്കു മാറിപ്പോവാനുള്ള കാരണം?

കൊച്ചുലക്ഷ്മി:— കാരണം വിശേഷിച്ചൊന്നുമില്ല.

കുഞ്ഞി:— വിശേഷിച്ചല്ലെങ്കിൽ സാധാരണമായിരിക്കാം. എന്താണെന്നു കേൾക്കട്ടെ.

കൊച്ചുലക്ഷ്മി:— കാരണമൊന്നുമില്ല. ചിലപ്പോൾ വാക്കിടറിപ്പോകുന്നതു പതിവല്ലേ?

കുഞ്ഞി:— അതേ അതേ. അതു് പതിവുതന്നെയാണു്. എങ്കിലും 'പത്മനാഭപിള്ള' എന്നു പറയേണ്ട ദിക്കിൽ 'കൃഷ്ണപിള്ള' എന്നാണല്ലൊ പറഞ്ഞുപോയതു്.

കൊച്ചുലക്ഷ്മി:—കുഞ്ഞിക്കു് എപ്പോഴും അനാവശ്യം പറഞ്ഞുകൊണ്ടിരിക്കണം. എനിക്കു് അതത്ര ഇഷ്ടമല്ല. ഒരു വാക്കു മാറിപ്പറഞ്ഞതിനെപ്പററി ഇത്രയൊക്കെ വിസ്തരിപ്പാനുണ്ടോ? ഞാൻ ഈ പുസ്തകം ഒന്നു നോക്കട്ടെ. (പുസ്തകം എടുക്കുന്നു.)

കുഞ്ഞി:— എന്തു പുസ്തകമാണു്?

കൊച്ചുലക്ഷ്മി:— ജയദേവൻെറ 'ഗീതഗോവിന്ദ'മാണു്.

കുഞ്ഞി:— തരക്കേടില്ല. കൊള്ളാം! കേൾക്കട്ടെ.

കൊച്ചുലക്ഷ്മി:— എന്നാൽ കേട്ടോളു:

"വസന്തേ വാസന്തീകുസുമസുകു—
    മാരൈരവയവൈർ—
ഭ്രമന്തീം കാന്താരേ ബഹുവിഹിത
    കൃഷ്ണാനുസരണാം
അമന്ദം കന്ദർപ്പജ്വരജനിത
    ചിന്താകുലതയാ
വലൽ ബാധാം രാധാം സരസമിദ—
    മൂചേ സഹചരീ."

കുഞ്ഞി:—ഈ ശ്ലോകം വളരെ സന്ദർഭോചിതംതന്നെ.

കൊച്ചുലക്ഷ്മി:— മഹാകവിയായ ജയദേവൻെറ കവിതയ്ക്കു് സന്ദർഭശുദ്ധി വിശിഷ്ടതന്നെയാണു്. "സന്ദർഭ

ശ്ശുദ്ധിം ഗിരാം ജാനീതേ ജയദേവ ഏവ" എന്നദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ടു്.

കുഞ്ഞി:— മനസ്സിലായി. സന്ദർഭഭേദം വളരെ നന്നായി.

കൊച്ചുലക്ഷ്മി:— ഇനി ഞാൻ ഇതിൽ ഒരു ഖണ്ഡം പാടാം. (പാടുന്നു)

"ഉന്മദമദനമനോരഥപഥികവധൂജന—
ജനിതവിലാപേ
അളികുലസങ്കുലകുസുമസമൂഹനിരാകുല
ബകുളകലാപേ
വിഹരതി ഹരിരിഹ സരസവസന്തേ
നൃത്യതിയുവതിജനേന
സമം സഖി വിരഹിജനസ്യ ദുരന്തേ."

കുഞ്ഞി:— ഇതു് ഇപ്പോൾ അധികം പാടണമെന്നു് എനിക്കു തോന്നുന്നില്ല. വേറേ വല്ലതുമാകട്ടെ.

കൊച്ചുലക്ഷ്മി:— എന്നാൽ കേട്ടോളൂ. (വേറൊരു പുസ്തകം എടുത്തിട്ടു്)

"അയി പടുധിഷണാ നിന്നാശയം
നൈവ ജാനേ,
ത്വയി പരമനുരാഗംപൂണ്ട മേ
മെയ്യശേഷം
ദയിതതമ നികാമം രാപ്പകൽ
കാമദേവൻ
മയി തവ കനിവില്ലാഞ്ഞുത്തപി—
പ്പിച്ചിടുന്നു."

കുഞ്ഞി:— ഓഹോ! ഇതു് അതിലും വിശേഷംതന്നെ!

കൊച്ചുലക്ഷ്മി:— എന്താണു സംശയം? സരസകവിസാൎവ്വഭൌമനായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ ഇദാനീന്തനകാളിദാസനാണെന്നു് അഭിജ്ഞന്മാർ പറയുന്നതു കേട്ടിട്ടില്ലേ?

കുഞ്ഞി:— ഓഹോ! ധാരാളം കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഗദ്യപദ്യങ്ങൾക്കു് അനന്യസാധാരണമായ ഒരു മാധുൎയ്യവിശേഷം സഹജമായിട്ടുതന്നെ ഉള്ളതാണു്.

കൊച്ചുലക്ഷ്മി:—അതുകൊണ്ടാണു് ഞാൻ ആ പദ്യം ചൊല്ലിയതു്.

കുഞ്ഞി:— പദ്യം ചൊല്ലിയതിനുള്ള കാരണം എന്തെങ്കിലുമാകട്ടെ. അതു് അത്ര വിസ്തരിക്കണമെന്നില്ല.

കൊച്ചുലക്ഷ്മി:— വാസ്തവമാണു ഞാൻ പറഞ്ഞതു്. നിനക്കു് ഇതിൽ അന്യഥാ ശങ്കവേണ്ട.

കുഞ്ഞി:—എനിക്കു് അന്യഥാശങ്ക ഒട്ടുംതന്നെയില്ല. എന്തെന്നാൽ ഈയിടെ,

സ്നാനം ഭക്ഷണമെന്നുതൊട്ടനുദിനം
 ചെയ്യേണ്ടകൃത്യങ്ങളിൽ
തേനോലുംമൊഴി!നിൻമനസ്സിലുളവാ—
 യീടുന്ന വൈമുഖ്യവും
ധ്യാനംകൊണ്ടു ചിലപ്പൊഴങ്ങു സമയം
 താനേ കഴിക്കുന്നതും
ഞാനൻപോടറിയുന്നു നീ ബത! മറ—
 ച്ചീടുന്നുവെന്നാകിലും. 4

കൊച്ചുലക്ഷ്മി:—(ആലോചിച്ചിട്ടു്) അങ്ങനെ അറിയുന്നുണ്ടെങ്കിൽ അതിനു് പ്രതിവിധിയും ചെയ്യരുതെന്നുണ്ടോ?

കുഞ്ഞി:—ശരിയായ കാരണമറിഞ്ഞിട്ട വേണ്ടേ പ്രതിവിധി ചെയ്യേണ്ടതു്?

കൊച്ചുലക്ഷ്മി:—

പറഞ്ഞിടാതിങ്ങനെയൊക്കെയോരോ—
ന്നറിഞ്ഞ തോഴിക്കിതിനുള്ള ഹേതു
നിറഞ്ഞ താൽപര്യമൊടോർത്തുവെന്നാ
ലറിഞ്ഞിടാമെന്നതിനില്ല വാദം.

കുഞ്ഞി:—ഐഃ! അങ്ങനെയാണോ? എന്നാൽ പറയണമെന്നില്ല.

കൊച്ചുലക്ഷ്മി:—മിണ്ടാതിരിക്കു. ഇതാ അമ്മയും ജ്യേഷ്ഠത്തിയും വരുന്നു.

(അനന്തരം നാരായണിഅമ്മയും മാധവിയും പ്രവേശിക്കുന്നു. കുഞ്ഞിയും കൊച്ചുലക്ഷ്മിയും എഴുന്നേല്ക്കുന്നു. എല്ലാവരും ഇരിക്കുന്നു.)

നാരായണിഅമ്മ:—മകളേ! വർത്തമാനക്കടലാസിൽ എന്തുണ്ടു് വിശേഷം?

കൊച്ചുലക്ഷ്മി:—മലയാളഭാഷ പരിഷ്കരിക്കുന്നതിലേക്കായി കോട്ടയത്തു് ഭാഷാപോഷിണി എന്നൊരു സഭ ഏർപ്പെടുത്തിയിരിക്കുന്നു.

മാധവിഅമ്മ:—അതു് ഏതു പത്രത്തിൽ കണ്ടു?

കൊച്ചുലക്ഷ്മി:—'മലയാളമനോരമ'യിലാണു്.

നാരായണിഅമ്മ:—എന്താണു് ആ സഭയുടെ മുഖ്യമായ ഉദ്ദേശ്യം?

കൊച്ചുലക്ഷ്മി:—മലയാളഭാഷയിൽ ഗദ്യപദ്യങ്ങൾക്കു് ഐകരൂപ്യം വരുത്തുക, ഉത്തമരീതിയിൽ പുസ്തകങ്ങൾനടപ്പാക്കുന്നതിനു് ശ്രമിക്കുക മുതലായവയാകുന്നു.

നാരായണിഅമ്മ:—ഈ ഉദ്ദേശ്യം ശരിയായി നടക്കുമോ?

മാധവി:—അതു് സാമാജികന്മാരുടെ സാമർത്ഥ്യം പോലെയിരിക്കും.

കൊച്ചുലക്ഷ്മി:-ഈ സഭയിൽ ചേൎന്നിരിക്കുന്നവർ പ്രായേണ,

ഉത്സാഹത്തിനുമറിവിനു—
മുത്തമപാത്രങ്ങളാകയാലേററം
ഉൽക്കൎഷവുമഭിവൃദ്ധിയു—
മുണ്ടാം മേലിൽ സഭയ്ക്കു നിർവാദം. 6

നാരായണിഅമ്മ—പിന്നെ വിശേഷം വല്ലതും ഉണ്ടോ?

കൊച്ചുലക്ഷ്മി:—അത്രേ ഉള്ളു അമ്മേ! ഞാൻ പറഞ്ഞതേ ഉള്ളു. അല്ലാതെ വിശേഷമൊന്നും ഇല്ല.

കുഞ്ഞി:—ഈയിടെ പത്രവായനയിലും മററും മുൻപിലത്തെപ്പോലെ താൽപൎയ്യമുള്ള ഭാവം കാണുന്നില്ല.

കൊച്ചുലക്ഷ്മി:-ഓ! കുഞ്ഞി അസംബന്ധംപറവാൻ ഭാവിച്ചിട്ടുണ്ടു്. ഞാൻ ഇവിടെ ഇരിക്കുന്നില്ല.

കുഞ്ഞി:—കൊച്ചുലക്ഷ്മിക്കു് പണ്ടേതന്നെ അസംബന്ധത്തിൽ വളരെ വിരോധമാണത്രേ.

നാരായണിഅമ്മ:—അങ്ങനെയാണല്ലോ ഇരിക്കേണ്ടതു്.

കുഞ്ഞി:—ശരി, അസംബന്ധത്തിൽ വളരെ വിരോധമാണു്. സംബന്ധത്തിൽ വളരെ സന്തോഷവുമായിരിക്കണം.

കൊച്ചുലക്ഷ്മി:—അതേ:

സംബന്ധമുള്ളോരു വചസ്സുകേട്ടാൽ
സമ്മോദമാക്കും ഹൃദയത്തിലുണ്ടാം

കുഞ്ഞി:—

സംബന്ധമില്ലെന്നു വരുന്നതാകിൽ
സമ്മോദമില്ലെന്നതു നിർണ്ണയിക്കാം. 7

കൊച്ചുലക്ഷ്മി:—നിൻെറ വാക്കുകളിൽ നിൻെറ അഭിപ്രായംകൂടി സ്ഫുരിക്കുന്നുണ്ടു്.

മാധവി:—അഭിപ്രായം അവളുടേതാകുവാനായി എന്തിനിത്ര ബുദ്ധിമുട്ടുന്നു?

കൊച്ചുലക്ഷ്മി:-ഓ! ഇനി ചേട്ടത്തി തുടങ്ങി! ഞാനിപ്പോളെന്താണു് ബുദ്ധിമുട്ടുന്നതു്?

മാധവി:—ബുദ്ധിമുട്ടുന്നതോ?

കൊച്ചുലക്ഷ്മി:-ചേട്ടത്തി ഏതോ അനാവശ്യം പറവാൻ ഒരുങ്ങുകയാണു്.

നാരായണിഅമ്മ:—മകളേ! മാധവിയും കുഞ്ഞിയും ഇങ്ങനെയൊക്കെ പറയും. നീ അതുകൊണ്ടൊന്നും ഇളകരുതേ.

കൊച്ചുലക്ഷ്മി:—അമ്മാവൻ ചമ്പകപ്പള്ളിയിൽപോയിട്ടു് ഇത്ര താമസിക്കുന്നതെന്തു്?

മാധവി:—നിനക്കെന്താണിത്ര സംഭ്രമം? അമ്മാവൻ സാവകാശമായി വന്നുചേരും.

കൊച്ചുലക്ഷ്മി:—വരേണ്ട സമയമായിട്ടും കണ്ടില്ലല്ലോ എന്നുവിചാരിച്ചു ചോദിച്ചതാണു്.

കുഞ്ഞി:—എന്നുതന്നെയുമല്ല, ചമ്പകപ്പള്ളിയിൽ എല്ലാവക്കും സുഖംതന്നെയോ എന്നും മററുമുള്ള വത്തമാനങ്ങളും അറിയാമല്ലൊ.

കൊച്ചുലക്ഷ്മി:—ശരിതന്നെ; അതും അറിയേണ്ടതാണല്ലൊ:

സത്തുക്കൾ തൻെറ സുഖദുഃഖവിശേഷമെല്ലാം
ചിത്തത്തിലങ്ങറിവതിന്നഭിലാഷമേററം
എത്തുന്നതോർത്തിട്ടകിലിന്നതു ചിത്രമാണോ?

കുഞ്ഞി:—

പ്രത്യേകമായ് പ്രണയശാലികൾതൻ ചരിത്രം! 8

നാരായണിഅമ്മ:—(അണിയറയിലേക്കു നോക്കീട്ട്) ഓ! ചേട്ടൻ ഇതാവരുന്നു.

(എല്ലാവരും എഴുന്നേല്ക്കുന്നു. രാമൻമേനോൻ പ്രവേശിക്കുന്നു. എല്ലാവരും ഇരിക്കുന്നു.)

നാരായണിഅമ്മ:—മാധവൻ കുട്ടിയെ പള്ളിക്കൂടത്തിൽ ആക്കിയോ?

രാമൻമേനോൻ:—അതേ.

കൊച്ചുലക്ഷ്മി:—ഏതു പള്ളിക്കൂടത്തിലാണ്?

രാമൻമേനോൻ:—നമ്മുടെ ചമ്പകപ്പള്ളിയിൽ കൃഷ്ണപിള്ള ഒന്നാംവാധ്യാരായി പഠിപ്പിച്ചുവരുന്ന ആ പള്ളിക്കൂടത്തിലാണ്.

നാരായണിഅമ്മ:—ആ പള്ളിക്കൂടത്തിൻെറ സ്ഥിതി എന്താണ്?

രാമൻമേനോൻ:—നല്ല അഭിവൃദ്ധിയിൽ ഇരിക്കുന്ന ഒരു ഉയന്നതരം പള്ളിക്കൂടമാണ്.

കുഞ്ഞി:—കൃഷ്ണപിള്ള ഒന്നാംവാധ്യാരായിരിക്കുന്ന സ്ഥിതിക്ക് അക്കാര്യം വിശേഷിച്ചു ചോദിക്കാനുമില്ല.

രാമൻമേനോൻ:—ശരിതന്നെയാണ്. അദ്ദേഹത്തിനു സംസ്കൃതം, ഇംഗ്ലീഷ്, മലയാളം എന്നീ മൂന്നുഭാഷകളിലും നല്ല പാണ്ഡിത്യമുണ്ട്. അതുമാത്രമല്ല,

ഓർത്താലീശ്വരഭക്തിയും പരഗുണ—
പ്രസ്താവസന്തുഷ്ടിയും

പേത്തും നല്ലോരഹിംസയും രിപുവ്്ക
നിത്യം ശുഭധ്യാനവും
ധൃത്തെന്യേ വരനീതിമാർഗ്ഗനിലയും
സവ്വം തികഞ്ഞീവിധം
കീത്തിപ്പെട്ട ഗഭീരപൂരുഷനെ ഞാൻ
കാണുന്നതില്ലെങ്ങുമേ. 9

നാരായണിഅമ്മ:—എന്നാൽ, ആകപ്പാടെ വളരെ നന്നായി.

കുഞ്ഞി:—പള്ളിക്കൂടത്തിലെ അവധി ഏകദേശം അടുത്തുവെന്നു തോന്നുന്നു.

രാമൻമേനോൻ:—അതേ, അവധി അടുത്തിട്ടുണ്ടു്. പക്ഷേ, മാധവനും കൃഷ്ണപിള്ളയും അവധിക്കു് ഇങ്ങോട്ടു വരുമായിരിക്കും.

നാരായണിഅമ്മ:-ചേട്ടൻ വന്നിട്ടു് ഒന്നും കഴിച്ചില്ലല്ലോ. ഊണു കാലമായെന്നു തോന്നുന്നു. അകത്തേയ്ക്കു പോകാം.

രാമൻമേനോൻ:—അങ്ങനെ തന്നെ.

(എല്ലാവരും പോയി.)

[രണ്ടാമങ്കം കഴിഞ്ഞു]

# മൂന്നാമങ്കം

(അനന്തരം ഒരു വത്ത്മാനക്കടലാസുമായി നാരായണൻ പ്രവേശിക്കുന്നു.)

നാരായണൻ:—(ആത്മഗതം) ഇന്നു് പള്ളിക്കൂടം ഒഴിവാകയാൽ എജമാനൻ പോയതു് സഭയിലേയ്ക്കാണു്. അതിനാൽ ഇനി പ്രസംഗമെല്ലാം കഴിഞ്ഞു് സഭ പിരിഞ്ഞതിനു ശേഷമേ ഇവിടെ വന്നു ചേരൂ:

എന്നാലല്പം സമയമി-
രുന്നിഹ പാരം മനോജ്ഞമിപ്പത്രം
നന്നായ് വായിച്ചിതിലിയ-
ലുന്ന വിശേഷം ഗ്രഹിക്കുവൻ മോദാൽ. 1

അല്ലാ, ഈ വരുന്നതു് വലിയ എജമാനന്റെ ഭൃത്യൻ രാമൻനായരല്ലേ? ഈയാളുടെ വരവു് ബഹു കേമംതന്നെ;

മുലയ്ക്കുമേൽ വച്ചുധരിച്ചുവസ്ത്രം
തലയ്ക്കു കെട്ടിപ്പുനരുത്തരീയം
വലത്തു കൈമേൽവടിപൂണ്ടുപാരം
കുലുക്കമോടിങ്ങിഹ വന്നിടുന്നു. 2

അതുമല്ല, മുണ്ടിൻെറ താഴത്തെ രണ്ടററവും ഇടത്തേ കൈകൊണ്ടു് ഉയത്തിപ്പിടിച്ചിരിക്കുന്നു. (സൂക്ഷിച്ചുനോക്കീട്ടു്) അല്ല, നെററിയുടെ രണ്ടററത്തും ഓരോ രുപാ വട്ടത്തിൽ ഏതോ വെള്ളനിറത്തിൽ പററിച്ചിരിക്കുന്നു. ആകട്ടെ, ഈയാളോടു് ചോദിച്ചറിയാം.

(യഥോക്തവേഷനായ രാമൻനായർ പ്രവേശിക്കുന്നു.)

രാമൻനായർ:—എന്താടോ നാരേണൻ സൂക്ഷിച്ചുനോക്കുന്നതു്?

നാരായണൻ:—എയി! ഒന്നുമില്ല. നിങ്ങൾ എവിടന്നു വരുന്നു.

രാമൻനായർ:—ഏമാനൻ പറകയാൽ ആ പണിക്കരെ വിളിക്കാൻ പോയി.

നാരായണൻ:—ഏതു പണിക്കരെ?

രാമൻനായർ:—കവിടിവച്ചു വിചാരിക്കുന്ന പണിക്കരെ താൻ അറിയൂല്ലേ്യാ?

നാരായണൻ:—എന്തിനാണു് അയാളെ വിളിക്കുന്നതു്?

രാമൻനായർ:—താൻ കായ്യമൊന്നും അറിയാറില്ല അല്ലേ? ആ ഗൗരിക്കുട്ടിയുടെ ദീനം വലിയമുറുക്കമാണല്ലൊ.

നാരായണൻ:—എന്താണു് സുഖക്കേടു്?

രാമൻനായർ:—തലതിരിച്ചിൽ, പിച്ചുപറക, കൈകാൽ കഴപ്പു്, എന്നു വേണ്ട അവൾക്കില്ലാത്ത ദീനം ഒന്നുമില്ല. വിചാരത്തിൽ അതു് തെളിയുമല്ലോ. അതിനാണു് പണിക്കരെ വിളിക്കാൻ പോയതു്.

നാരായണൻ:-അതിരിക്കട്ടെ. നിങ്ങളുടെ നെററിയുടെ രണ്ടററത്തും ഈ പനയോലക്കഷണം ഒട്ടിച്ചിരിക്കുന്നതു് എന്തിനാണു്?

രാമൻനായർ:—ആങ്ങ്!എനിക്കു് ഇന്നു കാലത്തേ ഒരു കന്നംകുത്തു തുടങ്ങി. അതു് കൂട്ടാക്കാതെയാണു് വെയിലും കൊണ്ടു പോയതു്. തിരിയെ പോരുംവഴി ഞാൻ ഒരു മന്ത്രവാസിയെ കണ്ടു. അയാളോടു് ഞാൻ ദീനത്തിൻെറ കായ്യം പറഞ്ഞതിൽ അയാൾ ഉടനെതന്നെ ഓലയിൽ രണ്ടു ചക്രമെഴുതി ജപിച്ചു് എൻെറ കന്നത്തൊട്ടിച്ചുതന്നു.

നാരായണൻ:—(മന്ദസ്മിതത്തോടുകൂടി) അതിൽ പിന്നെ കുറെ ഭേദം ഉണ്ടായോ?

രാമൻനായർ:—ഉണ്ടായി. അയാൾ കന്നത്തു് ചക്രം വച്ചതുമുതൽ വളരെ ഭേദമുണ്ടു്. അയാളുടെ കൈകൊണ്ടു തൊട്ടാൽ പിഴക്കയില്ല. താൻ അയാളെ കേട്ടിട്ടില്ല്യോ?

നാരായണൻ:—നിങ്ങൾഇന്നലെ ഉറക്കം ഒഴിഞ്ഞോ?

രാമൻനായർ:—ഇന്നലെ എണ്ണ തേച്ചു കുളിച്ചതിൽ പിന്നെ ഏമാനന്റെ മുൻപിൽ മിററത്തുതന്നെ രാത്രി കുറെ ഇരുട്ടുന്നതുവരെ നിന്നു.

നാരായണൻ:—ആകട്ടെ, ഇപ്പോൾ നിങ്ങളുടെ തലനോവു് കുറഞ്ഞോ?

രാമൻനായർ:—ഇപ്പോഴും തല കുറേശ്ശെ ഇടിക്കുന്നുണ്ടു്.

നാരായണൻ:—കുറേശ്ശയല്ല. മുൻപിലത്തെപ്പോലെ തന്നെ ഇടിക്കുന്നുണ്ടു്. ഓലക്കഷണം വച്ചതുകൊണ്ടു് തലവേദന തീരുന്നതെങ്ങനെ?

രാമൻനായർ:—ധാരാളം തീരും. ഇതു കൈകണ്ട വിദ്യയാണു്. ഇന്നാൾ, അയാൾ ഒരു ബാധയെപ്പിടിച്ചു് ഒരു കലത്തിലടച്ചു് അടുപ്പിൽവച്ചു് തീ കത്തിച്ചപ്പോൾ ബാധ അതിനകത്തുകിടന്നു് തുടിക്കുന്നതു് ഞാൻ കേട്ടല്ലോ.

നാരായണൻ:—ഓഹോ, വെള്ളത്തിനു് ചൂടുപിടിച്ചപ്പോൾ ആ പാത്രത്തിനകത്തു പിടിച്ചിട്ടിരുന്ന തവള കിടന്നു തുടിച്ചു, ശരിതന്നെ.

രാമൻനായർ:—(കോപത്തോടുകൂടി) ഫോവൂ. തനിക്കെന്തറിയാം? ആ തുടിച്ചതു് ബാധ തന്നെയെന്നു് എത്ര പേർ പറഞ്ഞതു് ഞാൻ കേട്ടു! ഇങ്ങനെ അതികപ്രസംഗം പറയുന്ന തന്നോടു സംസാരിച്ചതുമതി. ഞാനിതാ പോകുന്നു. (പോയി.)

നാരായണൻ:-കഷ്ടം! ഇങ്ങനെയുള്ളവരോട്ട് ഗുണ ദോഷം പറയുന്നതുതന്നെ അബദ്ധം. ആകട്ടെ—ഇനി എജമാനൻ വരുന്നതിനു മുൻപുള്ള ജോലികൾ നടത്തുക തന്നെ. (പോയി)

[പൂർവ്വാംഗം കഴിഞ്ഞു]

(കൊച്ചുകുഞ്ഞുപിള്ളയും കല്യാണിഅമ്മയും പ്രവേശിക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—ഗൗരിക്കുട്ടിക്ക് എങ്ങനെ ഇരിക്കുന്നു?

കല്യാണിഅമ്മ:—ഇന്നലെ ഭസ്മം ജപിച്ചിടീച്ചിട്ടും ഒരു ഗുണവും കാണുന്നില്ല.

കൊച്ചുകുഞ്ഞുപിള്ള:— പണിക്കരെ വിളിക്കാൻ പോയ രാമൻ ഇതേവരെ വന്നില്ലയോ?

കല്യാണിഅമ്മ:—ഓ, രാമൻ ഇതാ വരുന്നു.

(രാമൻനായർ പ്രവേശിച്ച് സവിനയം നില്ക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—എന്താ! പണിക്കരെ കണ്ടില്ലേ?

രാമൻനായർ:—കണ്ടു, എൻെറ പിറകേതന്നെ വരുന്നു എന്നുപറഞ്ഞു.

കൊച്ചുകുഞ്ഞുപിള്ള:—നീ അവിടെച്ചെന്നു കാര്യം പറഞ്ഞതു നേരേചൊവ്വേയൊക്കെ നിന്നാണോ? അതോ ചീത്തലക്ഷണം വല്ലതും കാണിച്ചോ?

രാമൻനായർ:—നേരേനിന്നു തന്നെ പറഞ്ഞതു്. (അണിയറയിലേയ്ക്കു നോക്കീട്ട്) പണിക്കരിതാ വരുന്നു.

(അനന്തരം ഓലക്കുടയും കവിടിസ്സഞ്ചിയുമായി പണിക്കർ പ്രവേശിച്ചു വന്ദിക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—ആങ്ങ്. പണിക്കർ വന്നല്ലൊ. രാമാ! പണിക്കക്കിരിപ്പാൻ പലക കൊണ്ടുവാ.

(രാമൻനായർ പലക കൊണ്ടുവന്നിട്ട് പോകുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—പണിക്കർ ഇരിക്കു.

(പണിക്കർ ഇരിക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—കുറെനാളായി നമ്മുടെ ഗൗരിക്കുട്ടിക്കു് തീരെ സുഖമില്ല.

പണിക്കർ:—എന്താണോ സുഖക്കേടു്?

കൊച്ചുകുഞ്ഞുപിള്ള:—ബാധയുടെ ഉപദ്രവംതന്നെ. എന്താണെന്നു് ഒന്നു പ്രശ്നംവച്ചു പറയണം.

പണിക്കർ:—അമ്മയുടെ ജന്മനക്ഷത്രം എന്താണോ?

കൊച്ചുകുഞ്ഞുപിള്ള:—അശ്വതിയാണു്.

(പണിക്കർ ധ്യാനിച്ചു വന്ദനശ്ലോകങ്ങൾചൊല്ലി കവിടി തലോടി കുറെ പ്രത്യേകം വാരി എണ്ണുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—പണിക്കരേ! നമ്മുടെ കൃഷ്ണനു് ഇന്നു പള്ളിക്കൂടം ഒഴിവാകയാൽ അവൻ വരുന്നതിനു താമസിക്കയില്ല. അതുകൊണ്ടു വിസ്തരിച്ചൊന്നും പറയണ്ട. ഉപദ്രവം എന്താണെന്നുമാത്രം പറഞ്ഞാൽമതി.

പണിക്കർ:—അങ്ങനെ തന്നെ. (കണക്കുകൂട്ടി ആലോചിച്ചിട്ടു്) ഒരു പ്രേതത്തിൻെറ ഉപദ്രവമുണ്ടു്.

കൊച്ചുകുഞ്ഞുപിള്ള:—ശരി, അങ്ങനെ വരട്ടെ.

കല്യാണിഅമ്മ:—ഞാൻ അപ്പൊഴേ പറഞ്ഞില്ലേ? ഗർഭത്തോടേമരിച്ച അമ്മുവായിരിക്കും, സംശയമില്ല.

കൊച്ചുകുഞ്ഞുപിള്ള:—പ്രേതം എവിടെനിന്നു വന്നതാണു്?

പണിക്കർ:—നാലാമടത്തു നിന്നുതന്നെ.

കൊച്ചുകുഞ്ഞുപിള്ള:—കല്യാണി പറഞ്ഞതു ശരിതന്നെ. ആ പ്രേതം ഒഴിക്കുന്നതിനു മന്ത്രവാദിയും പണിക്കർ തന്നെ ആകട്ടെ. ഒഴിവുണ്ടോ എന്നുനോക്കു.

പണിക്കർ:—(കവിടി തലോടീട്ടു്) നല്ല ഒഴിവായിരിക്കുന്നു.

കൊച്ചുകുഞ്ഞുപിള്ള:-പിന്നെ വല്ലതും ഉണ്ടോ?

പണിക്കർ:-ഒരു ഭഗവതിയുടെ വിരോധമുണ്ട്.

കൊച്ചുകുഞ്ഞുപിള്ള:—ഓഹോ! ചുറ്റുമല ഭഗവതിക്ക്, ഞാൻ ആ കേളക്കുറുപ്പിൻെറ നമ്പർ ജയിക്കയാണെങ്കിൽ മൂന്നു തൂക്കം തൂങ്ങിക്കാമെന്നു നേൎന്നിട്ടുള്ളതു് ഇതുവരെ കഴിച്ചില്ല. ആ വിരോധമായിരിക്കുമോ?

പണിക്കർ:—(നോക്കീട്ടു്) ഹാ! സൂക്ഷ്മംതന്നെ. അതു് ഇതേവരെ കഴിക്കാത്തവകയ്ക്കു് പ്രായശ്ചിത്തമായി ഒന്നു കൂടെക്കൂട്ടി നാലു തൂക്കം തൂങ്ങിക്കണം.

കൊച്ചുകുഞ്ഞുപിള്ള:—അതു മതിയോ എന്നുനോക്കു.

പണിക്കർ:—(നോക്കീട്ടു്) അതുകൊണ്ടു നല്ല തൃപ്തിയായിട്ടില്ല.

കൊച്ചുകുഞ്ഞുപിള്ള:—(ആലോചിച്ചിട്ടു്) ഓ മനസ്സിലായി. മുൻപു് ഇവിടങ്ങളിൽ വസൂരിവന്ന കാലത്തു രണ്ടാട്ടിനെവെട്ടി കുരുതികഴിക്കാമെന്നു ഞാൻ നേൎന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ അതുകൂടി കഴിച്ചാൽ മതിയോ?

പണിക്കർ:-(നോക്കീട്ടു്) മതിയാകും.

കൊച്ചുകുഞ്ഞുപിള്ള:—പിന്നെ വല്ലതും ഉണ്ടോ? അല്ലെങ്കിൽ ഇനി അട്ടക്കലൊരിക്കൽ വിസ്താരമായി പ്രശ്നം വച്ചു് എല്ലാം അറിഞ്ഞുകൊള്ളാം. തല്ക്കാലം ഇതുനടത്തിയാൽ ദീനംപൊറുക്കുമോ എന്നു നോക്കു.

പണിക്കർ:-അങ്ങനെതന്നെ. (നോക്കീട്ടു്) തല്ക്കാലം ഇതുമതിയാകും.

കൊച്ചുകുഞ്ഞുപിള്ള:—എന്നാൽ അതൊന്നു ചാൎത്തി ഇങ്ങോട്ടുതരു.

(പണിക്കർ ചാൎത്തെഴുതുന്നു.)

കൊച്ചുകുഞ്ഞുപിള്ള:— (കല്യാണിഅമ്മയോടു്)

ചാത്തിൻപ്രകാരമുള്ള നേർച്ചയെല്ലാം ഉടനേതന്നെ നടത്തണം. പ്രേതവും ഒഴിക്കണം.

കല്യാണിഅമ്മ:—അങ്ങനെതന്നെ. വേഗംവേണം. പെണ്ണിന്നു തീരെ സുഖമില്ല. ഒരു പ്രേതവും പകവതിയും കൂടെ ഉപദ്രവിച്ചാൽ പിന്നെ എന്റെ മകൾ എന്തു ചെയ്യും?

കൊച്ചുകുഞ്ഞുപിള്ള:—ആകട്ടെ, എല്ലാം നാളെത്തന്നെ തീർത്തുകളയാം.

പണിക്കർ:—ചാത്തു തയാറായി.

കൊച്ചുകുഞ്ഞുപിള്ള:—എന്നാൽ ഇങ്ങോട്ടു തരൂ. (ദക്ഷിണകൊടുത്തു ചാത്തുവാങ്ങിക്കുന്നു.)

പണിക്കർ:—ഇപ്പോൾ വിടകൊള്ളട്ടെ. (തൊഴുതു പോകുന്നു.)

കല്യാണിഅമ്മ:—ഞാൻ പെണ്ണിനോട്ട് ഈ വിവരം ചെന്നുപറയട്ടെ. (പോയി.)

കൊച്ചുകുഞ്ഞുപിള്ള:—(ചാത്തുവായിക്കുന്നു.)

"ഹരിഃ ശ്രീ ഗണപതയേ നമഃ ശ്രീസൂര്യ്യാദി നവഗ്രഹേഭ്യോ നമഃ അശ്വതിനക്ഷത്രം പിറന്ന സ്ത്രീലഗ്നം പ്രമാണിച്ചുവച്ച പ്രശ്നം. മേടം ആരൂഢവും കുംഭം ഉദയവുമായി വരികയാൽ ബാധരോഗാദികളുടെ ബലാബലങ്ങൾ ചിന്തിച്ചതിൽ ബാധാഭാവം ബലമായി നാലാമടത്തുള്ളതിൽ ഗർഭത്തോട്ടമരിച്ച ഒരു പ്രേതം കാണുന്നു. തദുപദ്രവശാന്ത്യർത്ഥം ഒഴിവിൽ കണ്ട കർമ്മിയെക്കൊണ്ടു ബാധാവിയോഗം വരുത്തിക്കൊള്ളണം. ആയതു കൂടാതെ അപേക്ഷഹേതുവായി ചുററുമല ഭഗവതിയുടെ അനിഷ്ടം കണ്ടതിന്ന് അപേക്ഷയായ രണ്ടാട്ടിനെ കുരുതിക്കു വെട്ടിച്ചുകൊള്ളുകയും മുൻപിൽ തൂക്കം അപേക്ഷിച്ചതിനു പ്രായശ്ചിത്തമായി ഒന്നുകൂടെ കൂട്ടി നാലു തൂക്കം കഴിക്കയും

ചെയ്തുകൊള്ളണം. ഇപ്രകാരം ചെയ്തും ചെയ്യിച്ചും ഇരു ന്നുകൊണ്ടാൽ ഇന്നുമുതൽ ഇരുപതുദിവസം കഴികെ രോഗശമനമെന്നും പ്രശ്നാൽ കണ്ടതു്."

(അനന്തരം കൃഷ്ണപിള്ള പ്രവേശിക്കുന്നു. കൊച്ചുകുഞ്ഞുപിള്ള ഓല മടക്കുന്നു.)

കൃഷ്ണപിള്ള:— എന്താണു് അമ്മാവൻ വായിച്ചുകൊണ്ടിരുന്നതു്?

കൊച്ചുകുഞ്ഞുപിള്ള:— വിശേഷിച്ചൊന്നുമില്ല. ഗൗരിക്കുട്ടിയുടെ ദീനത്തെക്കുറിച്ചു വിചാരിപ്പിച്ചു് എഴുതിച്ച ചാർത്താണു്. ഉപദ്രവം അധികമൊന്നും ഇല്ല. ഗർഭത്തോടു മരിച്ച ഒരു പ്രേതത്തിൻെറ ഉപദ്രവവും ഒരു ഭഗവതികോപവുമേ ഉള്ളു.

കൃഷ്ണപിള്ള:— ഗർഭത്തോടുകൂടി ഒരു സ്ത്രീ മരിച്ചാൽ പിന്നെ പ്രേതമായിവന്നു് മററുള്ളവരെ ഉപദ്രവിക്കുമെന്നു പറയുന്നതു് വിശ്വാസയോഗ്യമല്ല.

കൊച്ചുകുഞ്ഞുപിള്ള:— അപ്പോൾ പണിക്കരു പറഞ്ഞതു കള്ളമെന്നോ?

കൃഷ്ണപിള്ള:—

എന്തായാലുമഹോ മരിച്ചജനമീ
    ജീവിച്ചിരിക്കുന്നവ—
ക്കന്തസ്താപമിവണ്ണമേകുമതിയാ—
    യെന്നുള്ളതോ ഭോഷ്കുതാൻ.

കൊച്ചുകുഞ്ഞുപിള്ള:—പിന്നെ ഈ തുള്ളുന്നതും ബാധ ഒഴിക്കുന്നതും ഒക്കെയോ? നിൻെറ അഭിപ്രായം കേമം തന്നെ! എത്ര ബാധകൾ തുള്ളുന്നതും നല്ല മന്ത്രവാദികൾ ഒഴിക്കുന്നതും ഞാൻ കണ്ടിരിക്കുന്നു.

കൃഷ്ണപിള്ള:— അതു ശരിയായിരിക്കാം. എങ്കിലും,

ചിന്തിച്ചീടിലിതൊക്കെ മാനസമതിൻ
സങ്കല്പഭേദങ്ങളാൽ
ചിന്തീട്ടന്ന വികാരമാണപരമ-
ല്ലെന്നങ്ങു ബോധിക്കണം. 3

കൊച്ചുകുഞ്ഞുപിള്ള:— ഇതു് ഞാൻ ഒരിക്കലും വിശ്വസിക്കയില്ല. ചില പ്രേതങ്ങൾ എത്ര ശക്തിയുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്.

കൃഷ്ണപിള്ള:— അവിടെ അങ്ങനെ തോന്നുന്നതു് ഒട്ടും ആശ്ചയ്യമല്ല. ഒന്നു കേട്ടാൽ അതിനെക്കുറിച്ചു് സൂക്ഷ്മവിചാരം ചെയ്യാതെ കേട്ടതുപോലെ വിശ്വസിക്കുന്ന ശീലത്തിൻെറ പരമ്പരയാ ഉള്ള അനുവത്തനത്താൽ ഇങ്ങനെ വന്നിട്ടുള്ളതാണു്.

കൊച്ചുകുഞ്ഞുപിള്ള:— എന്നാൽ ചുററുമല ഭഗവതിക്കു് തൂക്കം കഴിപ്പിക്കാമെന്നും കുരുതി കഴിപ്പിക്കാമെന്നും ഞാൻ നേൎന്നിരുന്നതു് പണിക്കരെങ്ങനെ പറഞ്ഞു?

കൃഷ്ണപിള്ള:— പണിക്കർ പറഞ്ഞകാൎയ്യം ഇരിക്കട്ടെ. നേർച്ച എന്നു പറഞ്ഞതു് എന്തുദ്ദേശിച്ചാണു്?

കൊച്ചുകുഞ്ഞുപിള്ള:— കേളുക്കുറുപ്പിൻെറ നമ്പരിൽ ദോഷം വരാതിരിക്കയാണെങ്കിൽ മൂന്നു തൂക്കം തൂങ്ങിക്കാമെന്നും വസൂരി വരാതിരിപ്പാൻ രണ്ടാട്ടിനെ വെട്ടി കുരുതി കഴിപ്പിക്കാമെന്നും നേൎന്നിരുന്നു. അതുപോലെ നമ്പർ ജയിക്കയും വസൂരിവരാതിരിക്കയും ചെയ്തതു നോക്കിയാൽ ഭഗവതിയുടെ വലിപ്പം എത്ര ദൃഷ്ടാന്തമായിരിക്കുന്നു!

കൃഷ്ണപിള്ള:—വിചാരണക്കുറവിനാലോമറേറാ തൽക്കാലം നമ്പർ അങ്ങനെ തീൎന്നു എന്നേ ഉള്ളു. അയാൾ അപ്പീൽ ചെയ്യാൻ പോകുന്നു എന്നു കേട്ടു. അപ്പീൽവിചാരണയിൽ യഥാൎത്ഥം വെളിപ്പെടാതിരിക്കയില്ല. സത്യമേ

ജയിക്കു. അയാൾക്കു കൊടുക്കാനുള്ള പണം ഇനിയെങ്കി ലും കൊടുത്തുതീക്കുന്നതാണു നല്ലതു്.

കൊച്ചുകുഞ്ഞുപിള്ള:— ആട്ടെ. ആ ഇടപാടു് എ ങ്ങനെയെങ്കിലും ഒതുക്കിക്കളയാം. എന്നാൽ തീർപ്പങ്ങനെ ഉണ്ടായതു് നേർച്ചയാൽത്തന്നെയാണു്.

കൃഷ്ണപിള്ള:— അതു നേർച്ചയുടെ ഫലമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ ഭഗവതിയെന്നും ശാസ്താവെന്നും മററും നാമധേയങ്ങളോടുകൂടി ജനങ്ങളാൽ സേവിക്കപ്പെടുന്നതെല്ലാം സവ്വവ്യാപിയായ ഈശ്വരൻ തന്നെ ആകുന്നു. എന്നാൽ ചില പുരാണങ്ങൾ നോക്കു മ്പോൾ നാനാത്വം ഉണ്ടെന്നു തോന്നുന്നതു് അവയുടെ സൂ ക്ഷ്മാത്ഥം അറിയാത്തതിനാലാണു്. ഓരോ ദോഷങ്ങൾ ചെയ്തിട്ടു് അവയുടെ നിവൃത്തിക്കുവേണ്ടി ഇങ്ങനെ അനു ചിതകമ്മങ്ങൾ ചെയ്യുന്നതു ശരിയല്ല. പിന്നെയോ,

സത്യം നല്ലൊരഹിംസയും കരുണയും
സന്തോഷവും ദാനവും
നിത്യം നീതിയുമന്യദീയധനദാ—
രാദ്യത്തിൽ വൈമുഖ്യവും
ഇത്ഥം ചാരുഗുണങ്ങൾപൂണ്ടുചരിതമായ്
ക്കാലം കഴിക്കുന്നതാ—
ണോത്താലീശ്വരനുള്ളപാരകൃപയു—
ണ്ടായീടുവാൻ കാരണം. 4

എന്നു തന്നെയുമല്ല, മസൂരി മുതലായ രോഗങ്ങൾ ഉണ്ടാ കാതിരിക്കുമെന്നുള്ള ദുർവിശ്വാസത്തോടുകൂടി സാധുക്ക ളായ ആടു് കോഴി തുടങ്ങിയ ജന്തുക്കളെ ഹിംസിക്കുന്ന തും വളരെ കഷ്ടമാകുന്നു. സവ്വജ്ഞനായ ഈശ്വരനു്, "എനിക്കു് ഓരോ നേർച്ചകൾ തരണം; എൻെറ മുമ്പിൽ

ജന്തുഹിംസ ചെയ്യണം; അല്ലെങ്കിൽ ഞാൻ ദോഷം വരുത്തും" എന്നുള്ള ദുർവിചാരമുണ്ടെന്നു കരുതുന്നതു തെററാണ്.

കൊച്ചുകുഞ്ഞുപിള്ള:— അപ്പോൾ ഈ ക്ഷേത്രങ്ങളും ബലികളും ഒക്കെ വെറുതെയെന്നാണു നിൻെറ അഭിപ്രായം, അല്ലേ?

കൃഷ്ണപിള്ള:— അല്ല. അങ്ങനെയൊന്നും ഞാൻ പറഞ്ഞില്ല. അനീതി ചെയ്തിട്ട് അതിൽ ഗുണംവരണമെന്ന ഉദ്ദേശ്യത്തോടുകൂടി കൊടുക്കുന്ന കൈക്കൂലിയോ കാൎയ്യകാരണബോധമില്ലാതെ ചെയ്യുന്ന ജന്തുഹിംസയോ ഈശ്വര പ്രീതിക്കു കാരണമാകയില്ലെന്നാണു ഞാൻ പറഞ്ഞതു്.

കൊച്ചുകുഞ്ഞുപിള്ള:— എന്നാൽ ജ്യോത്സ്യവും കള്ളംതന്നെയാണല്ലൊ.

കൃഷ്ണപിള്ള:—ജ്യോതിശ്ശാസ്ത്രം കള്ളമാണെന്നു ഞാൻ ഒരിക്കലും പറകയില്ല. എന്നാൽ ആ ശാസ്ത്രം വളരെഗംഭീരമാകയാൽ അതിൻെറ സൂക്ഷ്മതത്വത്തെ കാലാനുരൂപമായ പരിഷ്കാരത്തോടുകൂടി നല്ലവണ്ണം അറിഞ്ഞിട്ടുള്ളവരുടെ വാക്കിനെ മാത്രമേ വിശ്വസിക്കാവൂ എന്നാണ് എൻെറ അഭിപ്രായം.

കൊച്ചുകുഞ്ഞുപിള്ള:— ആകട്ടെ. ഞാൻ ഇനി ഇതിനെക്കുറിച്ചു നിന്നോടു തൎക്കിക്കുന്നില്ല. പെണ്ണിൻെറ ദീനത്തിന്നു് എന്താണു വേണ്ടതു്?

കൃഷ്ണപിള്ള:— അതിനു് യോഗ്യനായ ഒരു വൈദ്യനെ വരുത്തി ചികിത്സ ചെയ്യിക്കണം.

കൊച്ചുകുഞ്ഞുപിള്ള:— എന്നാൽ നീതന്നെ ആളയച്ചു് വൈദ്യനെ വരുത്തു.

കൃഷ്ണപിള്ള:— നാരായണനെ അയച്ച് വൈദ്യൻ ശങ്കരൻകുറുപ്പിനെ ഇപ്പോൾത്തന്നെ വരുത്താം.

കൊച്ചുകുഞ്ഞുപിള്ള:— ആരെടാ അവിടെ? രാമാ!

കൃഷ്ണപിള്ള:—എന്തിനാണ് രാമനെ വിളിക്കുന്നത്?

കൊച്ചുകുഞ്ഞുപിള്ള:— മുൻപേ പോയി, നീ അയക്കുന്ന ആളിന് ശകുനം വരുന്നതിന് പരമുവിനെ പറഞ്ഞയക്കാൻ. വല്ല ദുശ്ശകുനങ്ങളും വരുന്നെങ്കിൽ വൈദ്യനെ കാണുകയില്ല.

കൃഷ്ണപിള്ള:— ഇങ്ങനെ ശകുനം വരുന്നതിനായി ആളയക്കുന്നതും മററും അസംബന്ധമാണ്. ഇപ്പോൾ വൈദ്യൻ അയാളുടെ വീട്ടിൽത്തന്നെ ഉണ്ടായിരിക്കും. ഞാൻ ആളയച്ചാൽ വരികയും ചെയ്യും.

കൊച്ചുകുഞ്ഞുപിള്ള:—എന്തായാലും വേഗംവേണം. പെണ്ണിന് ഒരു സംബന്ധം നിശ്ചയിക്കേണ്ട കാലവും കഴിഞ്ഞിരിക്കുന്നു. പെണ്ണുങ്ങൾക്ക്,

ബാല്യത്തിലേതന്നെ വിവാഹമാകും
കല്യാണമൻപോടു കഴിച്ചിടാഞ്ഞാൽ
ചൊല്ലിന്നു ദോഷംവരുമെന്നുതന്നെ—
യല്ലിങ്ങനർത്ഥങ്ങളുമേറെയുണ്ടാം. 5

കൃഷ്ണപിള്ള:— ഇല്ല. അത്ര ബദ്ധപ്പാടു വേണമെന്നില്ല. പതിനാറുവയസ്സിനു താഴെ സ്ത്രീകൾക്ക് വിവാഹം വളരെ ദോഷകരമായിട്ടുള്ളതാണ്. എന്തെന്നാൽ,

ഇളമയുടയ ബീജേ സംഭവിക്കുന്ന ബാലൻ
തെളിവൊടധികകാലം ഹന്ത ജീവിക്കയില്ല

ഇളയതടികൾകൊണ്ടുണ്ടാക്കിട്ടുന്നോരു വസ്തു-
ക്കളിലതിബലമുണ്ടോ ഭൂതലേ കണ്ടിട്ടുന്നു. 6

കൊച്ചുകുഞ്ഞുപിള്ള:—ആകട്ടെ. എന്തായാലും വൈദ്യനു വേഗം ആളയയ്ക്കണം.

കൃഷ്ണപിള്ള:—അങ്ങനെതന്നെ.

(രണ്ടുപേരും പോയി.)

[മൂന്നാമങ്കം കഴിഞ്ഞു]

# നാലാമങ്കം

(അനന്തരം രണ്ടു വേലക്കാരികൾ—പാർവ്വതിയും നാരായണിയും—പ്രവേശിക്കുന്നു.)

പാർവ്വതി:—പിന്നെ, ആ വൈദ്യൻ വന്നാറെ എന്തു ദീനമാണെന്നു പറഞ്ഞു?

നാരായണി:—സന്നിപാതജ്വരം എന്നൊരു ദീനമെന്നാണ്.

പാർവ്വതി:—കൊള്ളാം, നല്ല സന്നിപാതം! അതു് ഒരൊന്നാന്തരം ഉപദ്രവം തന്നെയാണ്. സന്നിപാതത്തിന്ന് ഇങ്ങനെ പിരാന്തു പറകയും മററും ചെയ്യുമോ?

നാരായണി:—ഓഹോ! ആ രോഗത്തിന്ന് അങ്ങനെയുണ്ടെന്നുള്ളതിന്ന് വൈദ്യൻ പ്രമാണമൊക്കെ ചൊല്ലി കേൾപ്പിച്ചു.

പാർവ്വതി:—പിന്നെ വൈദ്യൻ എന്തു ചെയ്തു?

നാരായണി:—വൈദ്യൻ ഒരു മരുന്നു കൊടുത്തുംവച്ച് പോയി. എന്നിട്ട് ആ മരുന്ന് ഗൗരിക്കു കൊടുക്കാതെ കൃഷ്ണപിള്ളഎജമാൻ ഇവിടെ ഇല്ലാതിരുന്ന തക്കം നോക്കി ആ പണിക്കരെക്കൊണ്ട് ബാധയൊഴിപ്പിച്ചു.

പാർവ്വതി:—എന്നിട്ട് പിറേറദ്ദിവസം കുറെ സുഖം കണ്ടില്ലേ?

നാരായണി:—പിറേറദ്ദിവസമോ? അക്കാര്യമൊന്നും പറയണ്ട. മുമ്പിൽ ഉണ്ടായിരുന്ന രോഗമെല്ലാം വർദ്ധിച്ചു.

പാർവ്വതി:—അങ്ങനെ വരാൻ ഇടയില്ലല്ലൊ.

നാരായണി:—എന്താണ് ഇടയില്ലാത്തതു്? രോഗ

ത്തിന്ന് ചികിത്സചെയ്യുന്നതിനു പകരം മന്ത്രവാദം ചെയ്താൽ മതിയോ?

പാർവ്വതി:—പിന്നെന്തു ചെയ്തു?

നാരായണി:—പിന്നെ ആ വൈദ്യൻെറ മരുന്നുകൊടുത്തു. ക്രമേണ സുഖമാകയും ചെയ്തു.

പാർവ്വതി:—ബാധയൊഴിച്ചതുകൊണ്ടാണ് ആ മരുന്നു പററിയതു്. അല്ലെങ്കിൽ മരുന്നെവിടെ ചെല്ലുന്നു?

നാരായണി:—എനിക്കങ്ങനെ തോന്നുന്നില്ലാ. ആ രോഗത്തിന്ന് വൈദ്യൻെറ ചികിത്സമാത്രം മതിയെന്നു് കൃഷ്ണപിള്ളഎജമാൻ പറയുന്നതു് ഞാൻ കേട്ടിരുന്നു. ആലോചിച്ചതിലും അതു് നേരുതന്നെ. എന്തെന്നാൽ,

മന്ത്രവാദിയുടെ വിദ്യകളാലേ
ബന്ധുരാംഗിയവളേറെ വലഞ്ഞു
ഹന്ത വൈദ്യനുടെയൗഷധമേററി—
ട്ടേന്തിടുന്നു സുഖമേററവുമിപ്പോൾ.

പാർവ്വതി:—ആട്ടെ. ഏതായാലും അവൾക്കിപ്പോൾ ദീനം പൊറുത്തല്ലോ. അതുമതി. ഞാൻ കല്യാണിഅമ്മയുടെ അടുക്കൽ പൊയ്ക്കൊണ്ടുവരട്ടെ.

നാരായണി:—അങ്ങനെ തന്നെ.

(രണ്ടുപേരും പോയി.)

[പൂർവ്വാംഗം കഴിഞ്ഞു]

(അനന്തരം കൊച്ചുകുഞ്ഞുപിള്ളയും പരമേശ്വരൻപിള്ളയും പ്രവേശിക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—എടാ പരമു! കൃഷ്ണൻ എവിടെപ്പോയി?

പരമേശ്വരൻപിള്ള:—ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ വെളിയിലെവിടെയോ ഇറങ്ങി.

കൊച്ചുകുഞ്ഞുപിള്ള:—പള്ളിക്കൂടത്തിന്റെ അവധി തുടങ്ങിയോ?

പരമേശ്വരൻപിള്ള:—ഇന്നുമുതൽ പള്ളിക്കൂടം അവധിയാണ്.

കൊച്ചുകുഞ്ഞുപിള്ള:—കൃഷ്ണന് എന്താണെന്നറിഞ്ഞില്ല, പെണ്ണുങ്ങൾക്ക് ദീനത്തിന് മന്ത്രവാദം ചെയ്യണമെന്നു പറയുന്നതു് വലിയ വിരോധമാണ്. ആ പണിക്കരുവന്നു് പ്രേതം ഒഴിച്ചതുകൊണ്ടു് ഗൗരിക്കുട്ടിക്ക് ഇപ്പോൾ നല്ല സുഖമുണ്ട്.

പരമേശ്വരൻപിള്ള:—പിന്നെ വൈദ്യന്റെ മരുന്നും സേവിച്ചില്ലയോ?

കൊച്ചുകുഞ്ഞുപിള്ള:—മരുന്നും സേവിച്ചു. എങ്കിലും പണിക്കരുടെ പ്രയോഗമാണ് ഇവിടെ ഫലിച്ചതു്. ഗൗരിക്കുട്ടിക്ക് ഇതേവരെ ഒരു സംബന്ധം ഉണ്ടായില്ലല്ലോ. കൃഷ്ണനെക്കൊണ്ടുതന്നെ അങ്ങു നടത്തിച്ചാലെന്താ?

പരമേശ്വരൻപിള്ള:-അതത്ര നന്നല്ലെന്നു തോന്നുന്നു. കൃഷ്ണപിള്ളയ്ക്കു് ആ കുട്ടിയെ സംബന്ധം ചെയ്യുന്നതു് അത്ര സമ്മതമല്ല. അവൾക്കു് അയാളുടെ അവസ്ഥകളൊന്നും രസിക്കയുമില്ല.

സ്ത്രീക്കും പുമാനും പരമാനുരാഗം
പരസ്പരം മാനസതാരിൽവേണം
അല്ലാതെ ചെയ്യുന്ന വിവാഹമെല്ലാം
പൊല്ലാതെയായ്ത്തീൎന്നിടുമില്ലവാദം. 2

കൊച്ചുകുഞ്ഞുപിള്ള:-(കോപത്തോടുകൂടി) ആങ്ഹാ! കൃഷ്ണന് ഇതു് സമ്മതമല്ലയോ? ആകട്ടെ, നിന്റെയും ഉപദേശപ്രകാരം ആയിരിക്കും. എന്നാൽ നിങ്ങളൊക്കെ ഉണ്ണുന്നതു് ഞാനൊന്നു കാണിച്ചുതരാം. ഞാൻ വിചാരി

ച്ചാൽ ഇപ്പോൾ കുറെ പണം അവക്കുകൊട്ടക്കുന്നതിനും കഴിയും. പക്ഷേ, അതു ചെയ്യണമല്ലോ എന്നാണു്. ചെയ്യേണ്ടിവന്നാൽ മടിക്കയുമില്ല.

പരമേശ്വരൻപിള്ള:—ചേട്ടൻ വിചാരിച്ചാൽ ഇപ്പോൾ എന്തു വേണമെങ്കിലും അവക്കു് കൊട്ടപ്പാൻ കഴിയും—നിങ്ങളല്ലാതെ ഞങ്ങൾക്കാശ്രയം വേറെ ആരുമില്ല. നിങ്ങൾ പറയുന്നതെല്ലാം ഞങ്ങൾ കേട്ടതന്നെ നടക്കും—നിർബന്ധിച്ചാൽ കൃഷ്ണപിള്ള ഈ സംബന്ധവും നടത്തും.

കൊച്ചുകുഞ്ഞുപിള്ള:—പിംന്ന, നിൻെറ അഭിപ്രായം എന്താണു്?

പരമേശ്വരൻപിള്ള:—കൃഷ്ണപിള്ള ഇപ്പോൾ ഒരു നല്ല സ്ഥിതിയിൽ ഇരിക്കുന്നതിനാൽ അയാളുടെ ഇഷ്ടത്തിനു് നിങ്ങൾ എന്തിനു് വിരോധം പറയുന്നു? ഗൗരികുട്ടിയുടെ സംബന്ധം നമുക്കു് വേറെ നല്ലതായിത്തന്നെ നടത്താമല്ലോ.

കൊച്ചുകുഞ്ഞുപിള്ള:—പിന്നെ, കൃഷ്ണനു് സംബന്ധം വേണ്ടെന്നോ?

പരമേശ്വരൻപിള്ള:—പിച്ചകശ്ശേരിയിൽ കൊച്ചുലക്ഷ്മി എന്നൊരു പെൺകുട്ടിയുണ്ടു്.

സൗന്ദര്യവും വിദ്യയുമൊന്നുപോല-
ത്തന്വംഗിയാൾതന്നിൽ വിളങ്ങിടുന്നു.
എന്നല്ല സൗശീല്യവുമുണ്ടു പാരം
നന്നാണു വംശസ്ഥിതിയും വിശേഷാൽ. 3

അതിനാൽ അവളെ വിവാഹംചെയ്യുന്നതു് കൃഷ്ണപിള്ളയ്ക്കു സമ്മതമാണു്. അവളുടെ വീട്ടുകാൎക്കും അവൾക്കും

ഇങ്ങോട്ടും ഇക്കാൎയ്യത്തിൽ വളരെ സന്തോഷമാണെന്നു കേട്ടു.

കൊച്ചുകുഞ്ഞുപിള്ള:—അപ്പോൾ — നിങ്ങളൊക്കെക്കൂടി സംബന്ധമൊക്കെ നിശ്ചയിച്ചോ? പണ്ടൊക്കെ കാരണവന്മാരാണു് സംബന്ധം നിശ്ചയിക്കാറു്. അതുപോയിട്ടു് ഇപ്പോൾ അവരവർതന്നെ നിശ്ചയിച്ചുതുടങ്ങി. കാലവൈഭവം തന്നെ. വല്ലപാടും വരട്ടെ. എനിക്കു യാതൊരു വിരോധവുമില്ല.

പരമേശ്വരൻപിള്ള:—നിങ്ങൾ അങ്ങനെ പറഞ്ഞാൽ പോരാ. സമ്മതിച്ചു എന്നു് അനുവാദം തരണം. എന്നാൽ ഞങ്ങൾ പോയി അടിയന്തിരംനടത്തി പെണ്ണിനെയും കൂട്ടിച്ചുകൊണ്ടുപോരാം.

കൊച്ചുകുഞ്ഞുപിള്ള:—അതിനു പൊരുത്തം നോക്കുകയും അവരോടു് ആലോചിക്കയും മററും ചെയ്യേണ്ടയോ?

പരമേശ്വരൻപിള്ള:—അതൊക്കെ ഞങ്ങൾ കഴിച്ചുകൊള്ളാം. (അണിയറയിലേക്കുനോക്കി) ഇതാ കൃഷ്ണപിള്ളയും വന്നല്ലൊ.

(കൃഷ്ണപിള്ള പ്രവേശിച്ചു് നില്ക്കുന്നു.)

കൊച്ചുകുഞ്ഞുപിള്ള:—എങ്കിൽ അങ്ങനെ ആകട്ടെ. അടിയന്തിരം കേമമായിട്ടു നടത്തണം. ഈ ദേശത്തിലുള്ള എല്ലാ വീട്ടിലും പറയണം. എല്ലാവക്കും നന്നാലു പുകയിലയിൽ കുറയാതെ എങ്കിലും കൊടുക്കണം.

പരമേശ്വരൻപിള്ള:—ഇപ്പോൾ അതിനു് അത്രയൊന്നും ചെലവാക്കീട്ടാവശ്യമില്ല.

കൊച്ചുകുഞ്ഞുപിള്ള:—ആരു പറഞ്ഞു? അതൊന്നും ഞാൻ സമ്മതിക്കയില്ല. പണ്ടു ദിവാൻജിഅമ്മാവൻ ഇരുന്നകാലത്തു് ഒരു കെട്ടുകഴിച്ചതു് ഇന്നും എനിക്കോൎമ്മയുണ്ടു്. അന്നു് ആളൊന്നിനു പത്തും പതിനഞ്ചും പുക

യിലവീതം കൊടുത്തിട്ടുണ്ട്. പിന്നെ സദ്യയുടെ കാര്യ മൊന്നും പറയണ്ട. വഴിനീളെ ചോറിട്ടു ചവിട്ടുകയായി രുന്നു. ആ അവസ്ഥയ്ക്കു ഞാൻ എന്റെ കാലംവരെയെങ്കി ലും ദോഷം വരുത്തുകില്ല. ഞാൻ ഇരിക്കുമ്പോൾ കീഴ് നടപ്പ് ഭേദപ്പെടുത്തി അടിയന്തിരം ചുരുക്കിക്കഴിപ്പാൻ സമ്മതിക്കയുമില്ല.

കൃഷ്ണപിള്ള:—അമ്മാവൻ കോപിക്കരുത്. ഞാൻ അല്പം പറഞ്ഞുകൊള്ളട്ടെ. ക്രമത്തിൽ കവിഞ്ഞു ചെല വുചെയ്ത് ഓരോ അടിയന്തിരങ്ങൾ നടത്തുന്നതു യോഗ്യത യാണെന്നുള്ള ഈ ദുരഭിമാനം വളരെ ദയനീയമായിട്ടുള്ള താണ്. ഓരോ ആളുകൾ അവരവരുടെ അവസ്ഥയ്ക്കും കാലത്തിനും തക്കവണ്ണം ഓരോന്നു നടത്തിയിരിക്കും. എ ന്നാൽ മററുള്ളവരും അതുപോലെ എന്നും ഇരിക്കണമെ ന്നുണ്ടോ?

സന്താനത്തിനു മേലിലങ്ങനുഭവി—
 പ്പാനുള്ള വസ്തുക്കളെ—
ച്ചിന്തിക്കാതെ കൊടുത്തു ഹന്ത! വിലവാ—
 ങ്ങിക്കൊണ്ടു കല്യാണവും
അന്തമ്മോദമൊടേ നടത്തിയൊടുവിൽ
 ദാരിദ്ര്യമാർന്നീടുവാ—
നെന്തായാലുമൊരുങ്ങിടുന്നതു മഹാ—
 മൗഢ്യം മഹാസങ്കടം. 4

അതിനാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിക്കു തക്ക വണ്ണം ചെലവുചെയ്ത് അടിയന്തിരം നടത്തിയാൽ മതി യാവുന്നതാണ്.

കൊച്ചുകുഞ്ഞുപിള്ള:—എന്നാൽ പുകയിലയും മററും കീഴ്നടപ്പുപോലെ കൊടുക്കാതിരിക്കാമെന്നോ?

പരമേശ്വരൻപിള്ള:—അതാതു കാലത്തിനു തക്കവ ണ്ണം കീഴ്നടപ്പിനെ ഭേദപ്പെടുത്തുന്നതിൽ അത്ര അധൈ ര്യപ്പെടാനൊന്നുമില്ല.

കൃഷ്ണപിള്ള:—വരുന്ന ആളുകൾ പുകയിലയും മററും കൊണ്ടുപോകുന്നതു ന്യായമല്ല.

ഗൃഹത്തിൽ വന്നാൽ കുതുകേന പൂജി-
ച്ചയച്ചിടേണം വഴിപോലെയേററം
അതെന്നിയോരോ ചുമടങ്ങുകെട്ടി-
ച്ചയയ്ക്കുയെന്നുള്ളതു യോഗ്യമല്ല. 5

കൊച്ചുകുഞ്ഞുപിള്ള:—നിങ്ങളുടെയൊക്കെ കാലമാ യപ്പോൾ നടപ്പെല്ലാം മറിച്ചായി. നമുക്കിതിലൊന്നും ഉൾ പ്പെടാൻ കഴികയില്ല.

പരമേശ്വരൻപിള്ള:—അങ്ങനെ ഒഴിഞ്ഞു പറ ഞ്ഞാൽ പോരാ. ചേട്ടൻ സമ്മതിച്ചു ഞങ്ങളെ അയയ്ക്കു ണം. ഞങ്ങൾപോയി അടിയന്തിരം വെടിപ്പായി നട ത്തിവരാം. ചേട്ടനു് അവിടംവരെ നടക്കുന്നതും പ്രയാസ മാണല്ലൊ.

കൊച്ചുകുഞ്ഞുപിള്ള:—എന്നാൽ അങ്ങനെയാകട്ടെ. പൊരുത്തവും മററും നോക്കാതെ ചാടിപ്പൊയ്ക്കളയരുതേ.

പരമേശ്വരൻപിള്ള:—അതെല്ലാം ആലോചിച്ചു കൊള്ളാം.

(എല്ലാവരും പോയി.)

[നാലാമങ്കം കഴിഞ്ഞു]

# അഞ്ചാമങ്കം

(അനന്തരം ഒരു ഭൃത്യയും ഭൃത്യനും പ്രവേശിക്കുന്നു.)

ഭൃത്യൻ:—എന്താ മിണ്ടാതെ ഓട്ടുന്നതു്?

ഭൃത്യ:—പിന്നെ! എനിക്കിപ്പോൾ നേരമ്പോക്കു പറയാനല്ലേ നേരം.

ഭൃത്യൻ:—ഓ അത്ര തിറുതിയോ? എങ്കിലും പറയു. എങ്ങോട്ടാണു പോകുന്നതു്?

ഭൃത്യ:—ഞാൻ കുളിക്കാൻ പോകുന്നു. കൊച്ചുലക്ഷ്മി അമ്മയുടെകൂടെ ഞാനും പോകുന്നുണ്ടു്. ഇന്നാണു പോകുന്നതു്.

ഭൃത്യൻ:—എവിടെപ്പോകുന്നു?

ഭൃത്യ:—അല്ല, താൻ ഇതൊന്നും അറിഞ്ഞില്ലയോ?

ഭൃത്യൻ:—ഇല്ല. ഞാൻ കുറെദൂരെ ഒരിടത്തു പോയിരുന്നു. ഇപ്പോഴാണു തിരിയെവന്നതു്.

ഭൃത്യ:—എന്നാൽ ചുരുക്കിപ്പറയാം. ചമ്പകപ്പള്ളിയിൽ കൃഷ്ണപിള്ളഅദ്ദേഹം കൊച്ചുലക്ഷ്മിഅമ്മയ്ക്കു് ഇന്നലെ വസ്ത്രംകൊടുത്തു. ഇന്നാണു് അദ്ദേഹം ഭാര്യയെ കൂട്ടിച്ചുകൊണ്ടു പോകുന്നതു്.

ഭൃത്യൻ:—അടിയന്തിരമൊക്കെ ഇന്നലെ വെടിപ്പായി കഴിഞ്ഞോ?

ഭൃത്യ:—ഓഹോ, വെടിപ്പായിത്തന്നെ കഴിഞ്ഞു. എന്നാൽ പഴയരീതിയിലുള്ള വലിയ ചെലവുകളൊന്നും ഇല്ലാതെ വളരെ നല്ല സ്ഥിതിയിലാണു നടന്നതു്.

ഭൃത്യൻ:—പുകയിലകൊട്ടപ്പും ഒന്നും ഇല്ലായിരുന്നോ?

ഭൃത്യ:—ഇല്ലായിരുന്നു. അപ്പോഴത്തെ ആവശ്യത്തിനു മാത്രമുള്ള വെററില മുതലായവ കൊട്ടത്തതേ ഉള്ളു.

ഭൃത്യൻ:— നീയും കൂടെ പോകയാണ് അല്ലേ?

ഭൃത്യ:— അതേ, ഞാനും പോകുന്നുണ്ട്.

ഭൃത്യൻ:— എന്നാൽ എനിക്ക് അവരെ ഒന്നു കാണണം. അങ്ങോട്ടു ചെല്ലട്ടെ.

(രണ്ടുപേരും പോയി.)

[പൂർവ്വാംഗം കഴിഞ്ഞു]

(അനന്തരം കൃഷ്ണപിള്ളയും കൊച്ചുലക്ഷ്മിയും പ്രവേശിക്കുന്നു.)

കൃഷ്ണപിള്ള:— എന്താ! വീട്ടിൽനിന്നും പോന്നതിനാൽ മനസ്സിനു വല്ല അസ്വാസ്ഥ്യവും ഉണ്ടോ?

കൊച്ചുലക്ഷ്മി:— ഇല്ലില്ലാ. 'ഭർത്താ രക്ഷതി യൗവനേ' എന്നുണ്ടല്ലൊ. എന്നുതന്നെയുമല്ലാ, സ്ത്രീകൾക്ക് സർവ്വഥാ ആശ്രയം ഭർത്താവുതന്നെയാകുന്നു. വിശേഷിച്ചും അനുരൂപനായ....

കൃഷ്ണപിള്ള:— എങ്കിലും അമ്മയെയും മററും പിരിഞ്ഞതിനാൽ മനസ്സിന് ഒരു സുഖക്കേട് ഇല്ലാതിരിക്കയില്ലല്ലൊ!

ബന്ധുക്കളോടുള്ള വിയോഗമേററം
സന്താപമുള്ളിൽ സതതം വളർത്തും.

കൊച്ചുലക്ഷ്മി:—

ബന്ധുത്വമുള്ളോരു ഭവാൻ പിരിഞ്ഞാൽ
സന്താപമുണ്ടാമതിയായെനിക്കും. 1

അമ്മയെയും മററും ആഗ്രഹമുള്ളപ്പോൾ കാണുന്നതിനും പ്രയാസമില്ലല്ലൊ.

കൃഷ്ണപിള്ള:— അതിരിക്കട്ടെ, ഇനി ഒരു 'പൂപ്പട' കഴിപ്പിക്കണ്ടയോ?

കൊച്ചുലക്ഷ്മി:— എന്തിനാണാവോ?

കൃഷ്ണപിള്ള:— സാധാരണമായി യൗവനമുള്ള സ്ത്രീകൾക്കു യക്ഷിയുടെ ഉപദ്രവമുണ്ടാകും! അപ്പോൾ ഗർഭമുണ്ടാകയില്ല. പിന്നെ പൂപ്പട കഴിപ്പിച്ചാൽ യക്ഷി ഒഴിയും! ഇതാണു് ഉദ്ദേശ്യം.

കൊച്ചുലക്ഷ്മി:— പൂപ്പട എന്ന കർമ്മത്തിൻെറ സ്വഭാവംകൂടി ഒന്നു കേട്ടാൽക്കൊള്ളാം.

കൃഷ്ണപിള്ള:— അതോ? വിശേഷമായി ഒരു പന്തൽ കെട്ടി അതിനകത്തു് ചില രൂപങ്ങൾ ഉണ്ടാക്കി മധ്യത്തിൽ ഒരുകോൽ ഉയർച്ചയിൽ പൂവുകൂട്ടി, കൈയിൽ ഒരു പൂക്കുലയും പിടിപ്പിച്ചു് സ്ത്രീയെ ഒരുതലയ്ക്കൽ ഇരുത്തി, ചുററും പുരുഷന്മാർ കൂടിയിരുന്നു് കൊട്ടുകയും പാടുകയും ചെയ്യും. അപ്പോൾ യക്ഷി അവളുടെ ദേഹത്തിൽവന്നു തുള്ളി പൂക്കൾ വാരി സന്തോഷിക്കും. ഉടൻതന്നെ ഒരു ഗന്ധർവൻെറ ചിത്രം കൊണ്ടുവന്നു് സ്ത്രീയെ കാണിക്കും. സ്ത്രീ അതിനെ വേഗത്തിൽ ആലിംഗനം ചെയ്യുമ്പോൾ മന്ത്രവാദി യക്ഷിയെ ചിത്രത്തിലേയ്ക്കു മന്ത്രം ചൊല്ലി ആകർഷിക്കും. ഇതാണു 'പൂപ്പട.' ഇതിനെപ്പററി കേട്ടിട്ടില്ലേ?

കൊച്ചുലക്ഷ്മി:— എനിക്കു് ഇതിനെക്കുറിച്ചു നല്ല അറിവില്ല. ഈ ദിക്കിലൊക്കെ ഇതു് ധാരാളം നടപ്പുണ്ടോ?

കൃഷ്ണപിള്ള:— ഉണ്ടു്. കൊച്ചുലക്ഷ്മിക്കും ഒന്നു കഴിപ്പിക്കണ്ടേ?

കൊച്ചുലക്ഷ്മി:— വേണ്ട. കഴിയുമെങ്കിൽ ഈ കർമ്മം കഴിപ്പിക്കാൻ തുനിയുന്നവരോടു് അതിനെ നിഷേധിക്കണമെന്നുകൂടി എനിക്കാഗ്രഹമുണ്ടു്.

കൃഷ്ണപിള്ള:—എന്താണു് ഇതിൽ ദോഷമുള്ളതു്?

കൊച്ചുലക്ഷ്മി:— കൊള്ളാം. യക്ഷിയുടെ ഉപദ്രവം തീക്കണമെന്നു പറഞ്ഞുകൊണ്ട്,

നാനാപൂരുഷമധ്യഭാഗമതില-
ത്തയ്യെന്ത്വാങ്കയാളെപ്പിടി-
ച്ചാനന്ദത്തൊടിരുത്തിയേററവുമസ-
ഭ്യത്വം കലൻള്ളതാം
ഗാനം ചൊല്ലിമുഴക്കിയങ്ങവൾമനം
സംഭ്രാന്തമാക്കുന്നതോ
നൂനം ദോഷവിഹീനമെന്നയി ഭവാൻ
ചിത്തത്തിലോക്കുന്നതും? 2

കൃഷ്ണപിള്ള:— എന്നാൽ ഇപ്രകാരമുള്ള കമ്മവും ഉദ്ദേശ്യവും മററും നന്നല്ലെന്നുതന്നെയാണ് ഞാനും നിശ്ചയിച്ചിരിക്കുന്നതു്. കൊച്ചുലക്ഷ്മിയുടെ അഭിപ്രായമറിയാൻവേണ്ടി ചോദിച്ചതാണ്.

കൊച്ചുലക്ഷ്മി:— എനിക്കു മനസ്സിലായി. ഇരിക്കട്ടെ, അമ്മാവൻ ഇന്നു രാവിലെ നിശ്ചയമായി ഇവിടെ എത്തുമെന്നാണല്ലൊ എഴുതിയിരുന്നതു്.

കൃഷ്ണപിള്ള:— ശരിതന്നെ. അദ്ദേഹം പിന്നെ എന്താണാവോ താമസിക്കുന്നതു്?

കൊച്ചുലക്ഷ്മി:— വരുന്നവഴിയിലുള്ള ആ പുഴ കടക്കുന്നതിനു് വള്ളം കിട്ടാഞ്ഞു താമസിക്കയായിരിക്കുമോ?

കൃഷ്ണപിള്ള:— ആകട്ടെ, നാരായണൻ ഇതാ വരുന്നു. അവനെ അയച്ചു് അന്വേഷിപ്പിക്കാം.

(നാരായണൻ പ്രവേശിച്ചു് വന്ദിക്കുന്നു.)

കൃഷ്ണപിള്ള:— നീ ഇപ്പോൾ എവിടെനിന്നു വരുന്നു?

നാരായണൻ:— ഞാൻ ഈ അട്ടത്ത തെരുവിൽനിന്നു വരികയാണ്. ആ കായലിൽ ഒരാൾ മുങ്ങിമരിച്ചുപോയി

എന്നറിവുകിട്ടുകയാൽ പ്രേതം എടുക്കാനായി പൊലീസു കാർ പോകുന്നതു കണ്ടു.

കൃഷ്ണപിള്ള:—മുങ്ങിമരിച്ചതു് ആരെന്നാണു കേട്ടതു്?

നാരായണൻ:—ഒരു നായരെന്നാണു കേട്ടതു്.

കൃഷ്ണപിള്ള:—എപ്പോഴാണു മരിച്ചതു്?

നാരായണൻ:—ഇന്നു രാവിലെ.

കൃഷ്ണപിള്ള:—പുഴ കടക്കുമ്പോഴാണോ മരിച്ചതു്?

നാരായണൻ:—അതിൻെറ വിവരം അറിഞ്ഞില്ല.

കൊച്ചുലക്ഷ്മി:—അയ്യോ! ഈ വാക്കുകൾ കേട്ടു് എനിക്കു സംശയം തോന്നുന്നു.

കൃഷ്ണപിള്ള:—എന്താണു സംശയം?

കൊച്ചുലക്ഷ്മി:—അമ്മാവൻ ഇന്നു രാവിലെ ഇവിടെ എത്തുമെന്നല്ലേ എഴുതയച്ചിരുന്നതു്. ഇതേവരെ കണ്ടില്ലല്ലൊ.

കൃഷ്ണപിള്ള:—അദ്ദേഹത്തിനു് ഈവക അബദ്ധങ്ങളൊന്നും വരാൻ ഇടയില്ല. അദ്ദേഹമാകട്ടെ,

വിനയം ക്ഷമയതുമാലോ—
ചനയും വേണ്ടോളമുള്ള നിപുണൻതാൻ
മനമതിലതിനാൽ സംശ
മണവതിനില്ലിങ്ങു കാര 3

MUL
221866

കൊച്ചുലക്ഷ്മി:—അവിടുന്ന ന്നു. എങ്കിലും,

ഓളം ചേർന്നിളകുന്ന കായൽനടുവേ
വള്ളം ഗമിക്കും വിധൗ
മേളത്തോടു കഠോരമായൊരു കൊടും
കാററങ്ങു വന്നീടുകിൽ

221866
UNIVERSITY LIBRA

ആളിന്നുള്ളഗുണങ്ങളൊന്നുമതു താ-
നോൎത്തീട്ടകില്ലാകയാൽ
കാളുന്നെന്റെ മനസ്സിലിന്നധികമായ്
സന്താപമെന്തായതും! 4

നാരായണൻ:—അങ്ങനെയും വ്യസനിക്കാൻ കാരണമില്ല. തോണി കടത്തുന്നവർ വളരെ സാമൎത്ഥ്യവും പരിചയവും ഉള്ളവരാണ്.

കൊച്ചുലക്ഷ്മി:—എങ്കിലും അദ്ദേഹം ഇവിടെ എത്തേണ്ട സമയം കഴിഞ്ഞിട്ട് നേരം വളരെ അതിക്രമിച്ചിരിക്കുന്നുവല്ലോ.

കൃഷ്ണപിള്ള:—വേറെ ഏതെങ്കിലും കാരണം ഉണ്ടാകരുതെന്നില്ല. എന്തായാലും വിവരം അറിയാൻ നാരായണൻ ഇപ്പോൾത്തന്നെ പോകട്ടെ.

കൊച്ചുലക്ഷ്മി:—(അണിയറയിലേക്കു നോക്കി സന്തോഷത്തോടെ) അല്ലാ, അമ്മാവനാണല്ലോ ഈ വരുന്നതു്.

കൃഷ്ണപിള്ള:—(നാരായണനോട്ട്) എന്നാൽ ഇനി നീ നിന്റെ ജോലിക്കു പൊയ്ക്കോ.

(നാരായണൻ പോയി. രാമൻമേനോൻ പ്രവേശിക്കുന്നു.)

കൃഷ്ണപിള്ള:—വരുന്നതിനു് ഇത്ര വൈകിയതു് വിശേഷിച്ചു് വല്ല കാരണവും ഉണ്ടായിട്ടാണോ?

രാമൻമേനോൻ:—പുറപ്പെടാൻ അല്പം താമസിച്ചുപോയി. ചില ആളുകൾ വന്നു് അനാവശ്യമായി സംസാരിച്ചു് ഉ.രുത്തിക്കളഞ്ഞു.

കൃഷ്ണപിള്ള:—അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ എനിക്കും ചിലപ്പോൾ സംഭവിക്കാറുണ്ട്.

കൊച്ചുലക്ഷ്മി:-അങ്ങനെയുള്ളവർ വന്നുകൂടിയാൽ

വളരെ വിഷമമാണ്. കേൾക്കുന്നവക്ക് തങ്ങളുടെ സല്ലാപം രുചിക്കുന്നുണ്ടോ എന്ന് അക്കൂട്ടർ വിചാരിക്കാറില്ല.

രാമൻമേനോൻ:—എന്തുചെയ്യാം!നിവൃത്തിയില്ലല്ലൊ:

ബന്ധുത്വം മൂപ്പുമേറുന്നോർ
ബന്ധം വിട്ടൊന്നു ചൊൽകിലും
ഹന്ത! കേട്ട സമാധാനം
ചിന്തിച്ചോതായ്ക യോഗ്യമോ? 5

കൃഷ്ണപിള്ള:—എന്തായിരുന്നു അവരുടെ സംഭാഷണം?

രാമൻമേനോൻ:—സംഭാഷണം മറെറാന്നുമല്ല. പഴയ രീതി ഭേദപ്പെടുത്തി അടിയന്തിരം നടത്തിയതു് തറവാട്ടിൻെറ അവസ്ഥയ്ക്ക് പോരായ്മയായിപ്പോയി എന്നാണ്.

കൊച്ചുലക്ഷ്മി:-അടിയന്തിരഭ്രാന്തു് ജനങ്ങളുടെ ഇടയിൽനിന്നും വിട്ടുപോകുന്നതിനു് ഇനിയും കുറേക്കാലം വേണമെന്നുതോന്നുന്നു.

കൃഷ്ണപിള്ള:—പിന്നെ ഒടുവിൽ എങ്ങനെ ആയി?

രാമൻമേനോൻ:—ഞാൻ വളരെയൊക്കെ പറഞ്ഞു് ഒടുവിൽ അവരെ ഒരുവിധം സമ്മതിപ്പിച്ചു. അതിനാലാണ് ഇത്രയും താമസിച്ചുപോയതു്.

കൃഷ്ണപിള്ള:—ഇവിടെ ഞങ്ങൾ വല്ലാതെയൊന്നു പരിഭ്രമിച്ചു. ഇന്നു രാവിലെ ഒരാൾ ആ കായലിൽ മുങ്ങിമരിച്ചുപോയി എന്നു കേട്ടു. നിങ്ങൾ എത്തുന്നതിനുള്ള സമയവും കഴിഞ്ഞു. അപ്പോൾ ഇവിടെ വളരെ സംശയത്തിനിടയായി.

രാമൻമേനോൻ:—ഓഹോ! ഒരാൾ മുങ്ങിമരിച്ചതു് ശരിതന്നെ, ഞാൻ പോരുന്ന സമയം;

മദ്യംകുടിച്ചു മതികെട്ട മഹാണ്ടിയേക-
നെത്തിക്കടന്നു ബത തോണിയതിൽ കരേറി
മധ്യത്തിലായളവിലങ്ങു കുളിപ്പതിന്നായ്
മത്തൻ ജലത്തിലതികൗതുകമോട്ടചാടി 6

പിന്നെ അവനെ കണ്ടതുമില്ല.

കൊച്ചുലക്ഷ്മി:—കഷ്ടം! ഇങ്ങനെ ഓരോ അനുഭവങ്ങൾ കണ്ടിട്ടും ജനങ്ങൾക്കു് മദ്യപാനാസക്തി കുറയുന്നില്ലല്ലൊ.

കൃഷ്ണപിള്ള:—

വിവേകമുള്ളാളുകൾ മദ്യപാന-
മൊരിക്കലും ചെയ്യിട്ടകില്ലനൂനം.
വിവേകഹീനൻ വിധിയാലവന്നീ-
വിധം ഭവിച്ചെന്നു നിനയ്ക്കുമുള്ളിൽ. 7

അല്ലാതെ, 'അവനു് ഈ ആപത്തു വന്നതു് മദ്യപാനത്താലാണു്, നമുക്കും അതുപോലെ മദ്യപാനത്താൽ ആപത്തുണ്ടാകും' എന്നു് വിചാരിക്കയില്ല. എന്നിട്ടു് നിങ്ങൾ നേരെ ഇങ്ങോട്ടുതന്നെ പുറപ്പെട്ടു അല്ലേ?

രാമൻമേനോൻ:—പിന്നെ ഒരു സ്നേഹിതൻെറ നിർബന്ധത്താൽ അദ്ദേഹത്തിൻെറ വീട്ടിൽപോയി സൽക്കാരവും ഗ്രഹിച്ചു് വരികയാണു്. ഇവിടെ വിശേഷമൊന്നും ഇല്ലല്ലൊ. കൊച്ചുലക്ഷ്മിക്കു് ഈ ദിക്കിൽ വന്നതിൽ പിന്നീട്ടു് സുഖക്കേടു് വല്ലതുമുണ്ടോ?

കൊച്ചുലക്ഷ്മി:–ഗുരുജനങ്ങളുടെ അനുഗ്രഹത്താൽ എനിക്കു് യാതൊരു സുഖക്കേടും ഇല്ല.

രാമൻമേനോൻ:—കാരണവരുടെ വിരോധമൊക്കെ ശമിച്ചോ?

കൃഷ്ണപിള്ള:—ഓരോരോ ഉപദേശങ്ങളാൽ അദ്ദേഹത്തിൻെറ വിരോധവും പ്രായേണ തീൎന്നിരിക്കുന്നു.

രാമൻമേനോൻ:—അദ്ദേഹത്തിൻെറ മകളുടെ വിവാഹം നടന്നോ?

കൃഷ്ണപിള്ള:—അതും ഈയിടെ ബന്ധുക്കളിൽ ഒരാളെക്കൊണ്ടു നടത്തിച്ചു.

രാമൻമേനോൻ:—മാധവൻ താൽപൎയ്യത്തോട്ടുകൂടി പഠിക്കുന്നുണ്ടോ?

കൃഷ്ണപിള്ള:-അതേ.

രാമൻമേനോൻ:—ആകപ്പാടെ എല്ലാം വളരെ സന്തോഷകാരണമായിത്തന്നെ തീൎന്നിരിക്കുന്നു. എന്നാൽ എനിക്കു് വേഗം പോകേണ്ടതിനാൽ താമസിപ്പാൻ സമയമില്ല.

കൃഷ്ണപിള്ള:-ഇന്നുതന്നെ പോകണമോ?

രാമൻമേനോൻ:—ഇന്നുതന്നെ പിച്ചകശ്ശേരിയിൽ എത്തേണ്ടിയിരിക്കുന്നു.

കൃഷ്ണപിള്ള:—എന്നാൽ അങ്ങനെ ആകട്ടെ.

രാമൻമേനോൻ:—സൎവ്വശക്തനായ ഈശ്വരൻ നിങ്ങൾക്കു്,

പ്രാണാവസാനംവരെയേകരൂപ—
പ്രേമാതിരേകത്തെ വളൎത്തിടട്ടേ
ആനന്ദസന്താനസുഖങ്ങളും ന—
ല്ലായുസ്സുമൻപോട്ടുളവാക്കിടട്ടേ. 8

കൊച്ചുലക്ഷ്മി:—

നീതി കലൎന്നു വിളങ്ങും
മാതുല!ശുഭമാം ഭവാൻെറയീവാക്യം

ചേതസ്സിങ്കൽ മഹാത്മൻ!
മോദവിലാസം വളൎത്തിട്ടന്നേററം.

രാമൻമേനോൻ:—ഇനിയും നിങ്ങൾക്കുവേണ്ടി ഈശ്വരനോടു് എന്താണു് പ്രാൎത്ഥിക്കേണ്ടതു്?

കൃഷ്ണപിള്ള:—നിങ്ങളുടെ ഈ പ്രാൎത്ഥനതന്നെ അത്യന്തം സമുചിതമായിരിക്കുന്നു. എന്നാലും ഇതിരിക്കട്ടെ:

ഭരതവാക്യം

ദുരാചാരൗഘമാലിന്യം
ദുൎമ്മാൎഗ്ഗം കൈവെടിഞ്ഞുടൻ
സൽപരിഷ്കാരസന്മാൎഗ്ഗം
സൎവ്വരും സ്വീകരിക്കണം.

(എല്ലാവരും പോയി.)

[അഞ്ചാമങ്കം കഴിഞ്ഞു]

സമാപ്തം

MUL
221866

മംഗളമസ്തു.

UNIVERSITY LIBRARY
3 DEC 1984
MADRAS
221866
O32:2M68 2:11
J7

20 JAN 196